നിയമ സംസ്കാര കേന്ദ്രത്തിന്റെ

ജനനീതി

3.00 ക.

# ധീരനായ ത്യാഗി



പൗരസ്വാതന്ത്ര്യം എല്ലാ 'അടിയന്തര'ങ്ങൾക്കും ഉപരിയാണെന്ന് വിധിച്ച ജസ്റ്റിസ് ഖന്ന.

132

ഏപ്രിൽ 2008

# സന്നദ്ധസംഘടനകളും വിവരാവകാശത്തിൽ വരും

**ഒ**രു സന്നദ്ധസംഘടനക്ക് സർക്കാരിൽനിന്ന് ഗ്രാന്റോ ഏതെങ്കിലും പദ്ധതിക്കായി സഹായമോ ലഭിക്കുന്നുണ്ടെങ്കിൽ, ആ സംഘടന വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുമെന്ന് സംസ്ഥാന വിവരാവകാശ കമ്മീഷൻ വിധിച്ചു.

ഗവർമ്മേണ്ടിൽനിന്ന് സഹായം ലഭിക്കുന്ന മിത്രനികേതൻ, ഡേൽവ്യൂ എന്നീ സന്നദ്ധ സംഘടനകൾ വിവരാവകാശ നിയമപ്രകാരം വിവരങ്ങൾ നൽകാൻ വിസമ്മതിച്ചതിനെത്തുടർന്നാണ് വിവരാവകാശ കമ്മീഷൻ ഇടപെട്ടത്.

വെള്ളനാട്ടിലെ കൃഷ്ണകുമാർ എന്നൊരാളാണ് ഈ സംഘടനകൾക്ക് ലഭിച്ച സർക്കാർ സഹായത്തിന്റെ കണക്ക് ചോദിച്ചത്. തങ്ങൾ ഏറ്റെടുത്തിട്ടുള്ള ചില പ്രത്യേക പദ്ധതികൾക്കുമാത്രമാണ് സർക്കാർ സഹായം നൽകുന്നതെന്നും, അതിനാൽ തങ്ങൾ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരില്ലെന്നും ഇവർ വാദിച്ചു. ഒടുവിൽ പ്രശ്നം വിവരാവകാശ കമ്മീഷന്റെ മുന്നിലെത്തി.

സർക്കാരിൽനിന്ന് ഗ്രാന്റോ സഹായമോ ലഭിക്കുന്ന സന്നദ്ധ സംഘടനകൾ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുമെന്നും, അതിനാൽ വിവരം നൽകാനുള്ള ഇൻഫർമേഷൻ ഓഫീസറെ നിയമിച്ചിരിക്കണമെന്നും കമ്മീഷൻ കൽപ്പിച്ചു. സർക്കാർ സഹായം വാങ്ങുന്ന ഓരോ സന്നദ്ധ സംഘടനയും അസിസ്റ്റന്റ് ഇൻഫർമേഷൻ ഓഫീസർ, ഇൻഫർമേഷൻ ഓഫീസർ അപ്പലേറ്റ് അഥോറിറ്റി എന്നീ മൂന്നു സ്ഥാനങ്ങളിൽ ആളെ നിയമിച്ചിരിക്കണം.

എന്നാൽ ഒരു സന്നദ്ധസംഘടനയുടെ ഏതെങ്കിലുമൊരു പ്രത്യേക പദ്ധതിക്കാണ് സർക്കാർ സഹായം നൽകുന്നതെങ്കിൽ, വിവരാവകാശ നിയമം അതിന്നു മാത്രമേ ബാധകമാകൂ എന്നു കമ്മീഷൻ വിശദീകരിച്ചിട്ടുണ്ട്. വിദേശ സഹായമടക്കം നാനാ കേന്ദ്രങ്ങളിൽ നിന്നു ലഭിക്കുന്ന സഹായങ്ങൾ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരില്ല.

പൊതുമുതലെടുത്തു ചെലവാക്കിയ ഏതു വക സംബന്ധിച്ചും വിവരം അറിഞ്ഞിരിക്കാൻ ജനങ്ങൾക്കവകാശമുണ്ടെന്ന് കമ്മീഷൻ പറഞ്ഞു. പെതുമുതൽ നിശ്ചിതാവശ്യത്തിന്നുവേണ്ടിത്തന്നെയാണോ ചെലവാക്കിയത്, അതിന്നാണ് ചെലവാക്കിയതെങ്കിൽ, അതെങ്ങനെയാണ് ചെലവാക്കിയത് എന്നെല്ലാം അറിയാൻ ജനങ്ങൾക്ക് അവകാശമുണ്ട്.

കേരളത്തിലെ എയ്ഡഡ് കോളേജുകളും വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരും. പക്ഷെ ഇത് ഇപ്പോൾ കോടതിയിലെത്തിയിട്ടുണ്ട്. ❑

ജനനീതി

ഏപ്രിൽ 2008
**132**

പത്രാധിപർ:

**ടി.വി. അച്ചുതവാരിയർ**

പത്രാധിപസമിതി:

**കെ.ജി. ശങ്കരപ്പിള്ള**
**സി.പി. ഗംഗാധരൻ**
**ഫ്രാൻസീസ് സേവ്യർ**
**പി.എസ്. മനോജ്കുമാർ**
**പി.എൻ. ഗോപീകൃഷ്ണൻ**
**എൻ.എൻ. ഗോകുൽദാസ്**
**ജോർജ്ജ് പുലികുത്തിയിൽ**

**ജനനീതി**
**പി.ബി. നമ്പർ 8**
**തോട്ടപ്പടി, മണ്ണുത്തി പോസ്റ്റ്**
**തൃശൂർ – 680 651**

Tel :-487 2373479, 2373281
Fax:-487- 2373281
E-mail: gpneethi@sancharnet.in
Web: www.jananeethi.org

എഡിറ്റോറിയൽ

# മണ്ണിന്റെമക്കൾ വാദം: മഹാഭാരതം മുതൽ ശിവസേന വരെ

മഹാരാഷ്ട്രത്തിൽ ബാൽതാക്കറെയുടെ നേതൃത്വത്തിലുള്ള ശിവസേനയിൽ നിന്ന് വഴക്കടിച്ചു പിരിഞ്ഞുപോന്ന മരുമകൻ രാജ് താക്കറെയുടെ നവനിർമ്മാണസേന ഈയിടെ ഉത്തരേന്ത്യക്കാർക്കെതിരെ യുദ്ധം പ്രഖ്യാപിക്കുകയുണ്ടായി. ഉത്തരേന്ത്യക്കാരുടെ കുടിയേറ്റം മൂലം മഹാരാഷ്ട്രക്കാർക്ക് അവസരങ്ങൾ നഷ്ടപ്പെടുന്നുവെന്നാണ് ഇവരുടെ ആക്ഷേപം. ഈ സേനക്കാരുടെ അതിക്രമങ്ങൾമൂലം യു.പി. ക്കാരും ബീഹാറികളുമായ ആയിരക്കണക്കിനാളുകൾക്ക് മഹാരാഷ്ട്രത്തിൽനിന്ന് ഓടിപ്പോകേണ്ടിവന്നതായും റിപ്പോർട്ടുണ്ട്.

നേതാക്കന്മാർ നടത്തുന്ന രാഷ്ട്രീയ കളികളുടെ ഭാഗമായേ ഒരാൾക്കിതിനെ കാണാൻ കഴിയൂ. പണ്ട് ശിവസേന മുംബായിലെ ദക്ഷിണേന്ത്യക്കാർക്കെതിരെ യുദ്ധം പ്രഖ്യാപിക്കുകയുണ്ടായി. അങ്ങനെ മണ്ണിന്റെ മക്കൾ വാദത്തിലൂടെയാണ് ശിവസേന വളർന്നുവന്നതും മഹാരാഷ്ട്രത്തിലെ ഭരണകക്ഷിയായതും. ശിവസേനയുടെ ഈ വളർച്ചയുടെ പിന്നിൽ കോൺഗ്രസ്സിന്റെ ദുർബ്ബുദ്ധിയുണ്ടായിരുന്നുവെന്നത് ഒരു സത്യമാണ്. മഹാരാഷ്ട്രത്തിലെ പ്രബല കക്ഷികളായി വളർന്നുവന്നിരുന്ന സോഷ്യലിസ്റ്റുകളേയും കമ്യൂണിസ്റ്റുകളേയും നശിപ്പിക്കാനായി കോൺഗ്രസ്സ് ശിവസേനയെ വളർത്തുകയാണുണ്ടായത്.

കോൺഗ്രസ്സിന്റെ ഈ ദുർബുദ്ധിതന്നെയാണ് നവനിർമ്മാണസേനയുടെ പിന്നിലുമുള്ളത്. ബി.ജെ.പി.-ശിവസേന കൂട്ടുകെട്ടിനെ ക്ഷീണിപ്പിക്കാൻ കോൺഗ്രസ്സുകാർ രാജ് താക്കറെയെ കുട്ടിക്കുരങ്ങനാക്കുകയാണെന്നുവേണം അനുമാനിക്കാൻ. പക്ഷെ അത്

# കോടീശ്വരൻമാർ കൂടുന്നു; വികസനം പിന്നോക്കവും

**- പി. സായിനാഥ് -**

ഒരു നല്ല വാർത്ത; ഐക്യരാഷ്ട്ര വികസന പരിപാടി പ്രകാരമുള്ള മനുഷ്യ വികസന സൂചികയിൽ ഇന്ത്യയുടെ സ്ഥാനം 126 ൽനിന്ന് 128 ലേക്ക് ഇടിഞ്ഞിട്ടുണ്ടെങ്കിലും യഥാർത്ഥത്തിൽ ഇതൊരു ഇടിവല്ലെന്ന് പേരില്ലാത്ത സർക്കാർ വക്താക്കൾ അവകാശപ്പെടുന്നു. കാരണം? കഴിഞ്ഞ കൊല്ലം ഏറ്റവും പുതിയ കണക്കുകൾ ഉപയോഗിച്ച് കണക്കുകൂട്ടിയിരുന്നുവെങ്കിൽ, നമ്മുടെ സ്ഥാനം കഴിഞ്ഞ കൊല്ലം തന്നെ 128 ആകുമായിരുന്നു!

ഐക്യരാഷ്ട്ര വികസന പരിപാടി പ്രകാരമുള്ള മനുഷ്യ വികസന സൂചിക, 1990 മുതൽ കൊല്ലംതോറും പ്രസിദ്ധീകരിച്ചു വരുന്ന ഒന്നാണ്. പണ്ടൊക്കെ ഒരു രാജ്യത്തിന്റെ മൊത്തം ദേശീയോദ്പാദനം നോക്കിയാണ് ഒരു രാജ്യത്തിന്റെ പദവി നിശ്ചയിച്ചിരുന്നത്. എന്നാൽ ഇപ്പോൾ മൊത്തം ദേശീയോദ്പാദനത്തിന്നു പുറമെ ആയുർദൈർഘ്യം വിദ്യാഭ്യാസം എന്നിവകൂടി പരഗണിച്ചാണ് മനുഷ്യ വികസന സൂചിക തയ്യാറാക്കുന്നത്. ➡

---

ഫലിക്കാനിടയില്ല. അടവുകൾ ഒരിക്കൽ ഫലിക്കും; അത് ആവർത്തിച്ചാൽ ചീറ്റിപ്പോകുന്നതാണ് അനുഭവം.

രാഷ്ട്രീയക്കാരുടെ കളി എന്തോ ആകട്ടെ; അതു നാടിന്നു വരുത്തിത്തീർക്കുന്ന കെടുതികളാണ് ഭീതിജനകമായിട്ടുള്ളത്. ആസാമിൽ ഈയിടെ ഹിന്ദിക്കാർക്കെതിരായി ഒരു പ്രക്ഷോഭണം അരങ്ങേറുകയുണ്ടായി. മറ്റു പൂർവ്വേന്ത്യൻ സംസ്ഥാനങ്ങളിലും മണ്ണിന്റെ മക്കൾ വാദം ശക്തമാണ്. പണ്ട് കർണ്ണാടകത്തിൽ തമിഴർക്കെതിരെ നടന്ന കലാപം വമ്പിച്ച നാശനഷ്ടങ്ങൾക്ക് ഇടയാക്കിയിരുന്നു. ഇതെല്ലാം രാജ്യത്തിന്റെ ഐക്യത്തെ നശിപ്പിക്കുമെന്ന് നമ്മുടെ നേതാക്കന്മാർ ഓർക്കുന്നില്ല.

പാണ്ഡവന്മാർക്ക് സൂചികുത്താൻ പോലും ഇടം നൽകില്ലെന്ന് കൗരവർ ശഠിച്ചതാണ് മഹാഭാരത യുദ്ധത്തിന്ന് ഇടയാക്കിയതെന്ന് പുരാണങ്ങൾ പറയുന്നു. ഇന്ത്യയിലെ പ്രതാപികളായ രാജാക്കന്മാർ തമ്മിൽ പുലർത്തിപ്പോന്ന കുടിപ്പകകളാണ് മുഗളർക്കിവിടെ കടന്നു കയറാൻ വഴിയുണ്ടാക്കിയതെന്ന് ചരിത്രം പറയുന്നു. കൊച്ചിരാജകുടുംബത്തിന്റെ ആസ്ഥാനമായ വന്നേരി വീണ്ടെടുക്കാനും അത് വിട്ടുകൊടുക്കാതിരിക്കാനും കൊച്ചിരാജാവും സാമൂതിരിയും തമ്മിൽ നടത്തിയ പോരാട്ടങ്ങളാണല്ലോ ഇന്ത്യയിൽ കാൽകുത്താൻ പാശ്ചാത്യ ശക്തികൾക്കു വഴിയൊരുക്കി കൊടുത്തത്.

മണ്ണിന്റെ മക്കൾ എന്ന ചിന്താഗതി അന്തഛിദ്രങ്ങൾ വളർത്താനും ഇന്ത്യയുടെ ഐക്യം നശിപ്പിക്കാനും മാത്രമേ സഹായിക്കൂ. അധികാരം പിടിച്ചെടുക്കാനും നിലനിർത്താനുമായി സങ്കുചിത മനോഭാവങ്ങളെ ഊതിക്കത്തിക്കുന്നവർക്ക് പിന്നീട് ദു:ഖിക്കേണ്ടിവരും; പക്ഷെ പിന്നീട് ദു:ഖിച്ചിട്ടു ഫലമുണ്ടാവില്ല എന്നതാണ് കഷ്ടം. തമ്മിൽ തല്ലിയും കുതികാൽ വെട്ടിയും നാടിനെ അന്യാധീനപ്പെടുത്തിയ ഭരണാധികാരികളുടെ നീണ്ടൊരു ചരിത്രമാണല്ലൊ ഇന്ത്യക്കുള്ളത്. ഇനിയെങ്കിലും ചരിത്രത്തിൽനിന്ന് പാഠങ്ങൾ ഉൾക്കൊള്ളാൻ നാം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. ❑

ഇത്തരത്തിൽ ഓരോ രാജ്യത്തിന്റേയും മനുഷ്യ വികസന സൂചിക തയ്യാറാക്കുമ്പോൾ ലോകത്തിലെ 177 രാജ്യങ്ങളിൽ 126-ാമത്തെ സ്ഥാനമായിരുന്നു ഇന്ത്യയുടേത്. ഇക്കൊല്ലം അത് 128-ാ മത്തേതായി ഇടിഞ്ഞു. മധ്യ അമേരിക്കയിൽ എൽസാൽവഡോർ എന്നൊരു രാജ്യമുണ്ട്. പത്തുകൊല്ലം നീണ്ടുനിന്നൊരു ആഭ്യന്തര യുദ്ധം നടന്ന നാടാണത്. എന്നിട്ടും അവരുടേത് 103-ാം സ്ഥാനമാണ്; ഇന്ത്യയേക്കാൾ 25 സ്ഥാനം മുകളിൽ!

ലാറ്റിനമേരിക്കയിലെ ഏറ്റവും ദരിദ്രമായ രാജ്യമെന്നറിയപ്പെടുന്ന ബൊളീവിയയുടേത് 117-ാം സ്ഥാനമാണ്; ഇന്ത്യയേക്കാൾ 11 സ്ഥാനം മീതെ.

മധ്യ അമേരിക്കയിൽ ഏറ്റവും നീണ്ട ആഭ്യന്തരയുദ്ധം നടന്ന രാജ്യമാണ് ഗോട്ടിമാല. ഒന്നേകാൽ കോടി ജനങ്ങൾ മാത്രമുള്ള അവിടെ 40 കൊല്ലം നീണ്ടുനിന്ന ആഭ്യന്തര യുദ്ധത്തിൽ രണ്ടു ലക്ഷം പേർ കൊല്ലപ്പെട്ടിട്ടുണ്ട്. എന്നിട്ടും അവരുടേത് 118-ാം സ്ഥാനമാണ്; ഇന്ത്യയേക്കാൾ 10 സ്ഥാനം മുകളിൽ.

ആഫ്രിക്കയിലെ ചെറിയൊരു രാജ്യമാണ് ബോട്ട്സ്വാന. 2006 ൽ 131 -ാം സ്ഥാനത്തായിരുന്ന അവർ 2007 ൽ 124-ാം സ്ഥാനത്തേക്കു കയറി. 124-ാം സ്ഥാനമായിരുന്ന ഗാബൺ 119 ൽ എത്തി. ഇസ്രേലി അധീന പ്രദേശമായ പലസ്തീന് ആറു സ്ഥാനം ഇടിഞ്ഞുവെങ്കിലും ഇന്ത്യയേക്കാൾ എത്രയോ മുകളിൽ 106-ാം സ്ഥാനത്താണവർ നിൽക്കുന്നത്.

രണ്ടാം ലോകമഹായുദ്ധത്തിന്നു ശേഷം ഏറ്റവും രക്തപങ്കിലമായ യുദ്ധം നടന്ന വിയറ്റ്നാം 105-ാം സ്ഥാനത്തേക്കും ശ്രീലങ്ക 99-ാം സ്ഥാനത്തേക്കും കയറിപ്പോയി. ഇന്ത്യയുടെ ഒമ്പതു ശതമാനം സാമ്പത്തിക വളർച്ചയോ സാമ്പത്തിക മഹാശക്തിയെന്ന പദവിയോ ഇവയിലധികം പേർക്കൊന്നുമില്ലെന്നോർക്കുക. ഇന്ത്യയിലുള്ളത്ര കോടീശ്വരന്മാർ ഈ രാജ്യങ്ങളിലെല്ലാംകൂടി നോക്കിയാൽപോലും കണ്ടെന്നു വരില്ല.

ചുരുക്കി പറഞ്ഞാൽ ഏഷ്യയിലും ആഫ്രിക്കയിലും ലാറ്റിനമേരിക്കയിലും ഇന്ത്യയേക്കാൾ എത്രയോ ദരിദ്രമായ രാജ്യങ്ങൾപോലും ഇന്ത്യയേക്കാൾ മെച്ചപ്പെട്ട സ്ഥിതിയിലെത്തിയിട്ടുണ്ട്.

എന്നാലും കോടീശ്വര പട്ടികയുടെ കാര്യത്തിൽ ഇന്ത്യക്ക് പുരോഗതിയുണ്ട്. ശതകോടി ഡോളറിന്റെ ആസ്തിയുള്ളവരുടെ പട്ടികയിൽ ഇന്ത്യക്ക് 2006 ൽ എട്ടാം സ്ഥാനമായിരുന്നുവെങ്കിൽ 2007 ൽ അത് നാലാം സ്ഥാനത്തേക്ക് ഉയർന്നു. ശതകോടീശ്വരൻമാരുടെ പുരോഗതിയെ സംബന്ധിച്ചിടത്തോളം ഈ ലോകത്തിൽ മറ്റുമിക്ക രാജ്യങ്ങളുടേയും മുന്നിലാണ് നാം. നമ്മേക്കാൾ മുന്നിട്ടുനിൽക്കുന്ന മൂന്ന് രാജ്യങ്ങളിൽ രണ്ടെണ്ണത്തിന്റെ (റഷ്യ, ജർമ്മനി) ഒപ്പമാണ് നാമെന്നു പറയാം. ഏതായാലും ഒന്നാം സ്ഥാനത്തുനിൽക്കുന്ന അമേരിക്കയെ വെല്ലാൻ നമുക്ക് അടുത്തകാലത്തൊന്നും കഴിയില്ലെന്നത് ഒരു നാണക്കേടുതന്നെയാണ്!

(ഇന്ത്യയെപ്പോലെത്തന്നെ അമേരിക്കക്കും മനുഷ്യ വികസന സൂചികയിൽ അധോഗതിയാണ്. അമേരിക്ക എട്ടാം സ്ഥാനത്തുനിന്ന് 12-ാം സ്ഥാനത്തേക്ക് ഇടിഞ്ഞു.)

അപ്പുറത്ത് ക്യൂബയുണ്ട്. കോടീശ്വരൻമാരുടെ കാര്യത്തിൽ തനി വട്ടപൂജ്യമാണവർ. ആളോഹരി വരുമാനത്തിലും കഷ്ടമാണവരുടെ സ്ഥിതി. എന്നാൽ മനുഷ്യവികസന സൂചികയിൽ അവരുടെ സ്ഥാനം 51-ാമത്തേതാണ്; ഇന്ത്യയേക്കാൾ 77 സ്ഥാനം മുകളിൽ! ഉന്നത മനുഷ്യ വികസന സൂചിക യുള്ളവർ എന്ന ഗണത്തിൽ ക്യൂബ ഉൾപ്പെടുന്നു. ജനനം മുതൽ അമേരിക്കൻ സാമ്പത്തിക ഉപരോധത്തിന്നു വിധേയമായിരിക്കുന്ന രാജ്യ

# എരയാംകുടിയുടെ പാഠങ്ങൾ

**- പി.എസ്. മനോജ്കുമാർ -**

**ഒ**രു കെട്ടിടം ഉയരുമ്പോൾ ഏതോ വയൽ അസ്തമിക്കുന്നുണ്ട്. പുഴയുടെ ഒരു ഭാഗം തകരുന്നുണ്ട്. മലയും കുന്നും ഇടിയുന്നുണ്ട്. കെട്ടിടത്തിന്റെ നിൽപുതറകളിൽ ഈ ആഘാതങ്ങളുടെ തുടർച്ചകളുണ്ടാവുന്നുണ്ട്. ഭൂമി, കെട്ടിടങ്ങൾ കെട്ടാനുള്ളതാണെന്ന ബോധം വളരെ അപകടകരമായ സാമ്പത്തിക ദർശനമാണ് വിതയ്ക്കുന്നത്. ഭൂമിയെ കുറിച്ചുള്ള സാങ്കൽപനങ്ങളിൽ തന്നെ ആഴത്തിൽ മാറ്റങ്ങളുളവാകുന്നുണ്ട്. ഭൂമാതാവ് എന്ന സ്ഥാനത്തുനിന്ന് കേവല വസ്തുവായ ഭൂമിയിലേയ്ക്കുള്ള മാറ്റം കേവലം വാക്കുകളിലുളവായ മാറ്റങ്ങളല്ല. അത് ദർശനത്തിന്റെയും, ഭൂമിയുമായുള്ള ബന്ധത്തിന്റെയും തലങ്ങളിൽ വന്ന മാറ്റങ്ങൾ കൂടിയാണ്. മണ്ണിനെ അജൈവമാക്കുന്ന ഒരു തലം നമ്മുടെ വികസന സങ്കൽപത്തിൽ ആഴത്തിൽ വേരോടിയിരിക്കുന്നു. അത് സമകാല സംസ്കാരത്തിന്റെ ഉള്ളറകളിൽ മൃതിയുടെ തിരയിളക്കങ്ങൾ അടയാളപ്പെടുത്തുകയും ചെയ്യുന്നു. ആർത്തി, അരങ്ങുവാഴുന്ന സമകാല നാഗരികതയിൽ ഭൂമിയുടെ മൂല്യം നാണ്യവിനിമയത്തിന്റേത് മാത്രമായി തീരുന്നു. സാർവ്വത്രികമായ ഈ വികസന സംസ്കൃതി, കേരളത്തിന്റെ ഓരോ സൂക്ഷ്മ ഭാഗത്തിന്റെയും ചരമക്കുറിപ്പെഴുതുകയാണ്. അന്നമനട, പാറക്കടവ്, പഞ്ചായത്തുകളിൽ വ്യാപിച്ചുകിടക്കുന്ന എരയാംകുടി സമീപകാലത്ത് വാർത്താ പ്രാധാന്യം നേടുകയുണ്ടായി. വയലുകളെ ഊഷ്മരമാക്കുന്ന, ജലത്തേയും വായുവിനേയും മലിനമാക്കുന്ന, മണ്ണിന്റെ ആയുസ്സൊടുക്കി അതിനെ ചുട്ടുകൊല്ലുന്ന വികസന സംസ്കൃതിക്ക് എതിരായ ചില ശബ്ദങ്ങളാണ് എരയാംകുടിയിൽനിന്ന് ഉയർന്നത്. ഒരു ഗ്രാമം മുഴുവൻ ജീവിക്കാനുള്ള അവകാശത്തിന്നുവേണ്ടി, ശുദ്ധമായ ജലത്തിനുവേണ്ടി, പുകയും →

---

മാണ് ക്യൂബയെന്നോർക്കുക; തന്മൂലം ക്യൂബയിൽ ഉപ്പുതൊട്ട് കർപ്പൂരം വരെ സകലതിനും മറ്റു രാജ്യങ്ങളിലേതിനേക്കാൾ വില കൂടുതലാണ്. എന്നിട്ടും മനുഷ്യവികസന സൂചികയിൽ മെക്സിക്കോവിനേയും റഷ്യയേയും ചീനയേയും കടത്തിവെട്ടിയവരാണവർ.

എന്നാലും നമുക്ക് ആശിക്കാൻ വകയുണ്ട്. ഇന്ത്യയിലെ ശതകോടീശ്വരൻമാരിൽ വമ്പന്മാരായ പത്തുപേരുടെ ആസ്തി കഴിഞ്ഞ ജൂലായിക്കുശേഷം 27 ശതമാനം കണ്ട് വർധിച്ചതായി ടൈംസ് ഓഫ് ഇന്ത്യ പറയുന്നു. വെറും മൂന്നു മാസം കൊണ്ട് ഇവരുടെ ആസ്തി 6530 കോടി ഡോളർ കണ്ടു വർധിച്ചുവത്രെ-അതായത് മണിക്കൂറിൽ 119 കോടി രൂപ (മൂന്ന് കോടി രൂപ) കണ്ട് വർധിച്ചു; അതായത് ഓരോ മിനിട്ടിലും രണ്ടുകോടി രൂപ കൂടി! ഇവരിൽ മുകേശ് അംബാനിയുടെ ആസ്തി മിനിട്ടിൽ 400 ലക്ഷം രൂപ കണ്ട് വർധിച്ചു.

നമ്മുടെ കർഷകതൊഴിലാളികളുടെ കൂലി നാല്പതു ലക്ഷം വേണ്ട, നാല്പതു രൂപ കണ്ടെങ്കിലും വർധിക്കാൻ, മിനിട്ടല്ല, വർഷങ്ങൾ എത്ര വേണ്ടിവരും?

ഇന്ത്യയിലെ ശതകോടീശ്വരന്മാരിൽ മിക്കവരും മുംബായ്ക്കാരാണ്; ഒരു ലക്ഷം ഡോളറിന്റെ ആസ്തിയുള്ളവരിൽ നാലിലൊന്നും മുംബായ്ക്കാർതന്നെ. ഇന്ത്യയിലെ ഏറ്റവും സമ്പന്നമായ സംസ്ഥാനത്തിന്റെ തലസ്ഥാനമാണ് മുംബായ്. 1995ന്നു ശേഷം 32000 കർഷകർ ആത്മഹത്യ ചെയ്ത സംസ്ഥാനവും മഹാരാഷ്ട്രമാണ്. ഔദ്യോഗിക കണക്കനുസരിച്ചുതന്നെ ഗ്രാമീണ ദാരിദ്ര്യം വർധിച്ച സംസ്ഥാനവും മഹാരാഷ്ട്രമാണ്.

(ഹിന്ദുവിൽനിന്ന് സംഗ്രഹിച്ചത്) ❑



എരയാംകുടിയിലെ വിതസമരം കവയത്രി സുകതകുമാരി ഉദ്ഘാടനം ചെയ്യുന്നു.

അഴുകിയ ഗന്ധവുമില്ലാത്ത വായു ശ്വസിക്കാനുള്ള അവകാശത്തിനു വേണ്ടി, എരയാംകുടിയിലെ ആവാസ വ്യവസ്ഥയുടെ നിലനിൽപിനുവേണ്ടി, അതിജീവനത്തിനുവേണ്ടി സമരത്തിനിറങ്ങുകയായിരുന്നു. ഈ സമര പ്രവേശത്തിൽ ജീവന്റേതായ ഒരു ബോധതലമുണ്ട് എരയാംകുടിയിൽ.

വിസ്തൃതമായ പാടശേഖരത്തിനു ചുറ്റും രൂപം കൊണ്ടിരിക്കുന്ന ആവാസ വ്യവസ്ഥയാണ് എരയാംകുടിയുടേത്. ജനജീവിതം പ്രധാനമായും ഈ പാട ശേഖരങ്ങളെ ചുറ്റിപറ്റിയുള്ളതാണ്. ആവാസവ്യവസ്ഥയുടെ ശുദ്ധിയും അങ്ങനെതന്നെ. സമീപകാലത്ത് എരയാംകുടിയിൽ ഉയർന്നുവന്ന ഇഷ്ടിക കളങ്ങൾ ഈ ആവാസവ്യവസ്ഥയെ തകിടം മറിയ്ക്കുകയാണ്. കൃഷിഭൂമി നെല്ല് വിളയിക്കാനുള്ളതല്ലാതായിത്തീരുകയും, കൃഷിഭൂമിയിലെ മണ്ണ് ഇഷ്ടിക വിളയിക്കാനുള്ളതായിത്തീരുകയും ചെയ്തതോടെ എരയാംകുടിയിൽ നഷ്ടമായത് ഈ ആവാസശുദ്ധിയാണ്. കൃഷിഭൂമി കൃഷിക്കായി തിരിച്ചുപിടിക്കേണ്ടത് എരയാംകുടിയിലെ ജനങ്ങളുടെ നിലനില്പിന് അത്യാവശ്യമായിത്തീർന്നു. ആഗോള ഭീകരത വിതക്കുകയും, തദ്ദേശ ജനസമൂഹങ്ങളെയും സംസ്ക്കാരങ്ങളെയും മായ്ചുകളയാൻ ശ്രമിക്കുകയും ഏകശിലാത്മകമായ ആഗോള സമൂഹത്തിനായി വാദിക്കുകയും ചെയ്യുന്ന സാമ്പത്തിക വക്താക്കൾ പരമാധികാരികളായിരിക്കുന്ന അധികാര തലങ്ങളെയാണ് എരയാംകുടിക്കാരുടെ സമരം ആശയപരമായി നേരിട്ടത്. ഏറ്റവും താഴെത്തട്ടിൽനിന്നും ആഗോളീകരണത്തിന്റെ വിനാശകരമായ സാമ്പത്തിക സമവാക്യങ്ങൾക്ക് ഉള്ള മറുപടിയായിരുന്നു എരയാംകുടി സമരം. അതേസമയം അത് പ്രയോഗതലത്തിൽ കേരളീയ സമൂഹത്തിൽ ഫാസിസ്റ്റ് പ്രവണതകളോടെ ഇടപെടുന്ന രാഷ്ട്രീയ-മാഫിയ അച്ചുതണ്ടിനോടുള്ള ചെറുത്തുനില്പുമായിരുന്നു. ഏറ്റവും ജനകീയത നടിക്കുന്ന, ഏറ്റവും താഴെ തട്ടിലുള്ളവരുടെ നാവാണെന്ന് ഊറ്റംകൊള്ളുന്ന ഇടതു രാഷ്ട്രീയ പാർട്ടിയുടെ നേതാക്കളുടേതാണ് എരയാംകുടിയെ നശിപ്പിക്കുന്ന ഇഷ്ടിക കളങ്ങളിൽ ഗണ്യമായവ. എരയാംകുടിക്കാരുടെ സമരത്തിന് എതിര് നിൽക്കുകയും, അതിനെ

തകർക്കാൻ ശ്രമിക്കുകയും ചെയ്തവർ ഈ വിപ്ലവ വായാടി സംഘടനയുടെ പ്രാദേശിക നേതാക്കളാണെന്നത് അത്ഭുതമുളവാക്കുന്ന കാര്യമല്ല.

എരയാംകുടി സമരം അതിന്റെ ജനകീയതയാലും, സമരത്തിന്റെതന്നെ ആന്തരസത്തകളാലും കേരള ചരിത്രത്തിൽ പ്രത്യേക സ്ഥാനം നേടുന്നു. സാമൂഹിക നീതിയെക്കുറിച്ച് സംസാരിക്കുകയും, എല്ലാ സാമൂഹിക വിരുദ്ധതകളും ആവിഷ്ക്കരിക്കുകയും ചെയ്യുന്ന രാഷ്ട്രീയ സംഘടനകൾക്കെതിരെയുള്ള സമരം എന്ന രീതിയിൽ മാത്രമല്ല അന്നത്തിനും അന്നം ഉണ്ടാക്കുവാനുമുള്ള അവകാശത്തിനും വേണ്ടിയുള്ള സമരമെന്ന നിലയിലാണത് ചരിത്രത്തിൽ കടന്നുകയറുക. ഗ്രാമവാസികൾ തരിശിട്ട പാടം പിടിച്ചെടുക്കുകയുണ്ടായി. അത് ഒരു പ്രതീകാത്മക സമരമായിരുന്നു. കൃഷിഭൂമിക്കുമേൽ ഗ്രാമീണ സമൂഹത്തിനുള്ള ധാർമ്മിക അവകാശ പ്രഖ്യാപനമായിരുന്നു അത്. കേരളത്തിലെ ഒരു ഭൂപരിഷ്കർത്താവിനും തോന്നാത്ത ഒരു ധാർമ്മികബോധം; അവകാശ പ്രഖ്യാപനം. പല ദേശങ്ങളിൽനിന്നും അനുഭാവമറിയിച്ച് ആൾക്കാരെത്തി. അനുഭവമറിയിച്ച് വിത്തെത്തി. എരയാംകുടി പാടത്ത് മൃതിയുടെ വിത്ത് വിതയ്ക്കുന്ന നവലിബറൽ ആർത്തിക്കോലങ്ങളായ - ഇടതു വലിയേട്ടന്മാരുടെ അധികാര ഗർവ്വിനും, പേശീബലത്തിനും ഭരണകൂട സ്വാധീനത്തിനുംമേൽ ജീവന്റെ വിത്തുകളാണ് വീഴ്ത്തിയത്. (ഒരു ജനകീയ സമരത്തിലും കക്ഷിചേർക്കാൻ പാടില്ലാത്ത സാമൂഹിക വിധ്വംസനത്തിന്റെ പ്രത്യയശാസ്ത്രം വിളമ്പുന്ന വർഗ്ഗീയവാദ ചേരിയുടെ വക്താക്കളും സന്നിഹിതരായിരുന്നു എന്നത് ഭയപ്പെടുത്തുന്ന കാര്യമാണ്). വിതസമരവും വിളവെടുപ്പും കഴിഞ്ഞു, അനുരഞ്ജനത്തിന്റെയും സന്ധിയുടെയും ഒരു ഭരണകൂടഭാഷ രൂപപ്പെട്ടിട്ടുമുണ്ട്. സമരം ഏതാണ്ടതിന്റെ ലക്ഷ്യത്തിലേക്ക് അടുക്കുകയാണെന്ന തോന്നൽ ഉളവായിട്ടുണ്ട്. 2008 മെയ് 31ന് ശേഷം എരയാംകുടിയിൽ ഇഷ്ടിക കളങ്ങൾ ഉണ്ടാവുകയില്ല. ഖനനപരാമർശങ്ങളേതുമില്ലാത്ത സന്ധിയിൽ മെയ് 31ന് ശേഷം, ഖനിച്ചെടുത്തതും കൊണ്ടുവന്നതുമായ മണ്ണ് ബാക്കിയായെങ്കിൽ പാടത്തിലെ കുഴികളിൽതന്നെ നിക്ഷേപിക്കും എന്നൊരു വ്യവസ്ഥയുണ്ട്. അടുത്ത വിതകാലത്ത് എരായംകുടി പാടത്ത് വിത്ത് വീഴുമെന്നുമുണ്ട്. ഇഷ്ടിക മുതലാളിമാർ (സഖാക്കൾ) എരയാംകുടി പാടത്ത് താമസിപ്പിച്ച തമിഴ് തൊഴിലാളികൾ (ഇടതു വലിയേട്ടന്മാർ അഖണ്ഡഭാരതത്തിൽ വിശ്വസിക്കുന്നുവെന്നതിന് മറ്റെന്ത് തെളിവ് വേണം? എരയാംകുടി മുല്ലപ്പെരിയാറല്ലല്ലോ?) വരുത്തിവച്ച മലിനീകരണ പ്രശ്നങ്ങൾ പരിഹരിക്കുവാൻ കളക്ടറുടെ നേതൃത്വത്തിൽ ഒരു അവലോകന സമിതി രൂപം കൊണ്ടിട്ടുണ്ട്. കുഴികളെ കൃഷിയോഗ്യമാക്കുന്നതിന്ന് കാർഷിക വിദഗ്ധരുടെ സേവനം തേടുമെന്നും വ്യവസ്ഥയുണ്ട്. മാർച്ച് 31വരെയേ ഇഷ്ടിക നിർമ്മാണത്തിന് ലൈസൻസുള്ളൂ. അതിനു ശേഷം ഒരു കാരയണവശാലും ഇഷ്ടിക സഖാക്കൾക്ക് ലൈസൻസ് നൽകില്ലെന്നും വ്യവസ്ഥയുണ്ട്. പക്ഷേ ശ്രദ്ധിക്കേണ്ട ഒന്നുണ്ട്. ഈ ചർച്ചയിൽ ഒരിടത്തും ഇഷ്ടിക മുതലാളിമാർ പങ്കെടുത്തില്ല എന്നാണറിവ്. അവരുടെ നാവായി, വാലാട്ടിയത് പഞ്ചായത്തു ഭരണാധികാരികളായിരുന്നു. ഇവർ ആരുടെ പ്രതിനിധികളാണ്? ആരോടാണ് ഇവർക്ക് പ്രതിബദ്ധത? എത്ര ഏക്കർ ഭൂമിയിലാണ് എരയാംകുടിയിൽ കൃഷിയിറക്കുക? കൃഷി ഓഫീസറുടെ കണക്കനുസരിച്ചുള്ള 70 ഏക്കറിലോ? അതോ വില്ലേജാഫീസറുടെ കണക്കനുസരിച്ചുള്ള 50 ഏക്കറിലോ? അതോ ജയശ്രീയുടെയും റോയിയുടെയും ഒക്കെ കണക്കിലുള്ള 450 ഏക്കറിലോ? ഈ സമരത്തിന്റെ വിജയഭാവി നിർണ്ണയിക്കുക വിതഭൂമിയുടെ തോതുകൂടിയാവും. ❑

# ബംഗാളിലെ മനുഷ്യാവകാശ ധ്വംസനങ്ങൾ

**- പ്രഫുൽ ബിദ്വായ് -**

**ഇ**ന്ത്യയിലെ ഇടതുപക്ഷം ഒരൊറ്റ കൊല്ലംകൊണ്ട് അതിന്റെ വിശ്വാസ്യതക്കേല്പിച്ച ക്ഷതം, നീണ്ട എട്ടു ദശകം കൊണ്ട് അതിന്റെ എതിരാളികൾക്ക് ഏല്പിക്കാൻ കഴിയാത്തത്ര ഭീമമാണ്. ഇന്ത്യൻ സമൂഹത്തിലെ അവശർക്കും ആലംബഹീനർക്കും അധ:സ്ഥിതർക്കും വേണ്ടി നിലകൊള്ളുന്നവരെന്ന നിലക്കും ജനാധിപത്യപരമായ ആചാരങ്ങളും മൂല്യങ്ങളും ഉയർത്തിപ്പിടിക്കുന്നവരെന്ന നിലക്കും അവർക്കുണ്ടായിരുന്ന കീർത്തിക്ക് അവർ സ്വയം കൃതാനർത്ഥങ്ങളിലൂടെ മങ്ങലേൽപ്പിച്ചിരിക്കുന്നു. ഇടതുപക്ഷം ഭരിക്കുന്ന ബംഗാളിൽ പ്രത്യേകിച്ചും കേരളത്തിൽ അല്പമായും ഇത് കണ്ണിൽ തറക്കും വിധം തെളിഞ്ഞുകാണാം.

ബംഗാളിൽ 2007ൽ സിംഗൂരിലെ കാർ ഫാക്ടറിക്കുവേണ്ടി ഭൂമി നിർബ്ബന്ധമായി പിടിച്ചെടുത്തു; നന്ദിഗ്രാമിൽ രണ്ടു തവണ പ്ലാനിട്ടു നടത്തിയ സായുധാക്രമണം നടന്നു; ജയ്പാൽഗുരിയിലെ തേയിലതോട്ടങ്ങളിൽ ദീർഘകാലമായി തൊഴിൽ രഹിതരായി കഴിയുന്നവർക്കിടയിൽ പട്ടിണിമരണങ്ങളുണ്ടായി; പുരുളിയ,ബങ്കുറ ജില്ലകളിലെ അശരണരായ ആദിവാസികൾക്കിടയിലും പട്ടിണിമരണങ്ങൾ സംഭവിച്ചു.

ഇതിനെല്ലാം പുറമെ ഒമ്പതു ജില്ലകളിൽ, മാർക്സിസ്റ്റ് പാർട്ടിയുമായി ബന്ധപ്പെട്ട റേഷൻ ഷാപ്പുടമകളുടെ അഴിമതിക്കെതിരെ ഭക്ഷ്യ കലാപങ്ങൾ നടന്നു; മാർക്സിസ്റ്റ് പാർട്ടിയും പോലീസും ബിസിനസ്സുകാരും തമ്മിലുള്ള കൂട്ടുകെട്ടിന്റെ ഫലമെന്നോണം സംഭവിച്ച റിസ്വാൻ എന്ന യുവാവിന്റെ ദുർമരണവും തസ്ലീമ നസ്റീനിന്റെ വിശ്വാസ സ്വാതന്ത്ര്യം അഭിപ്രായ സ്വാതന്ത്ര്യം എന്നീ മൗലീകാവകാശങ്ങളെ തത്വാധിഷ്ഠിതമായി പരിരക്ഷിക്കുന്നതിന്നു പകരം അവരെ ബംഗാളിൽ നിന്ന് പുറത്താക്കിയ സംഭവവും നാണക്കേടുണ്ടാക്കി.

2007 എന്നത് ഒരു സാധാരണ വർഷമല്ല. ബംഗാളിലെ ഇടതുമുന്നണിയുടെ തുടർച്ചയായുള്ള 30 കൊല്ലത്തെ ഭരണത്തിന്റെ വാർഷികമാണത്. ഇന്ത്യയിലെന്നല്ല, ഒരുപക്ഷെ ലോകത്തിൽതന്നെ ഇതാദ്യമായിട്ടായിരിക്കും. ഏതെങ്കിലും ഒരു രാജ്യത്തിലോ ബംഗാളിനെപ്പോലെ എട്ടുകോടി ജനസംഖ്യയുള്ള ഏതെങ്കിലും സംസ്ഥാനത്തിലോ ഏതെങ്കിലും കമ്യൂണിസ്റ്റ് പാർട്ടിക്ക് സ്വതന്ത്രമായ തിരഞ്ഞെടുപ്പിൽ മത്സരിച്ചു ജയിച്ച് മൂന്നു ദശകക്കാലം ഭരിക്കാൻ കഴിഞ്ഞിട്ടില്ല.

കേരളത്തിൽ ഇടതുമുന്നണി വമ്പിച്ച ഭൂരിപക്ഷത്തോടെയാണ് അധികാരമേറ്റത്. മാർക്സിസ്റ്റ് പാർട്ടിക്കകത്തെ തമ്മിൽ തല്ലുമൂലവും പണക്കാർക്കനുകൂലമായ നവ ഉദാരവൽക്കരണ നയങ്ങൾ അവലംബിക്കുന്നതിനുള്ള സംസ്ഥാന കമ്മിറ്റി സെക്രട്ടറി പിണറായി വിജയന്റെ സമ്മർദ്ദം മൂലവും കേരളത്തിലെ ഇടതുമുന്നണി ഗവർമ്മേണ്ടിന്റെ ഭാവി ഇരുണ്ടതായിരിക്കയാണ്.

കേരളത്തിൽ അഴിമതിയുടെ ദുർഗന്ധം രൂക്ഷമാണ്. ലോട്ടറി കുംഭകോണം, ചീത്തപ്പേരുള്ള ബിസിനസ്സുകാരുമായുള്ള ഇടപാടുകൾ, ആദിവാസി ഭൂമി തട്ടിപ്പ് എന്നിവയെല്ലാം ഇട

തുമുന്നണിക്ക് ക്ഷീണമുണ്ടാക്കി. അടുത്ത ലോകസഭാ തിരഞ്ഞെടുപ്പിൽ, ഇടതുമുന്നണിക്ക് പകുതിയിലേറെ സീറ്റുകൾ നഷ്ടപ്പെടാനിടയുണ്ട്.

തങ്ങളെ നേരിടുന്ന പ്രത്യയശാസ്ത്ര പരവും രാഷ്ട്രീയവും സംഘടനാപര വുമായ പ്രതിസന്ധി പരിഹരിക്കുന്ന തിന്ന് ഇടതുമുന്നണിക്കോ മാർക്സിസ്റ്റ് പാർട്ടിക്കോ ഒരു തന്ത്രം ആവിഷ്കരി ക്കാൻ കഴിഞ്ഞിട്ടില്ല. ഇടതുമുന്നണി യുടെ നേട്ടങ്ങളെ നാം കുറച്ചു കണ്ടു കൂടാ. അവരുടെ ഏറ്റവും വലിയ നേട്ടം ഭൂനയപരിഷ്കരണമാണ്; വർഗ്ഗീയ സൗഹാർദ്ദവും സമാധാനവും നില നിർത്തുന്നതിൽ കളങ്കമേശാത്ത ഒരു റെക്കോഡാണവർക്കുള്ളത്; സുസ്ഥി രവും താരതമ്യേന ശുദ്ധവുമായൊരു ഭരണം അവർ കാഴ്ചവച്ചിട്ടുണ്ട്; പഞ്ചാ യത്ത് രാജ് സ്ഥാപനങ്ങൾ പ്രവർത്തന ക്ഷമമാക്കി; സർവ്വോപരി ബഹുജന ങ്ങളെ രാഷ്ട്രീയ പ്രബുദ്ധരും ഭരണശേ ഷിയുള്ളവരുമാക്കി. ജനാധിപത്യപര മായ മൂല്യങ്ങളും പാരമ്പര്യവും തത്വാ ധിഷ്ഠിതമായി ഉയർത്തിപ്പിടിക്കാൻ മറ്റൊരു രാഷ്ട്രീയ വിഭാഗത്തിന്നും കഴി ഞ്ഞിട്ടില്ല.

ഭൂനയപരിഷ്കാരത്തിലൂടെ ബംഗാ ളിൽ 23 ലക്ഷം കൃഷിക്കാർക്ക് ഭൂമിയിൽ ഉടമസ്ഥാവകാശം സിദ്ധിച്ചു. ഇന്ത്യയിൽ ഭൂനയ പരിഷ്കാരമനുസരിച്ച് കർഷ കർക്ക് ലഭിച്ച ഭൂമിയിൽ പകുതിയിലേറെ ബംഗാളിലാണ് കൈമാറ്റം ചെയ്യപ്പെട്ട ത്. പക്ഷെ മറ്റു പല രംഗങ്ങളിലും ബംഗാൾ പിന്നണിയിലാണ്.

2004 ലെ മനുഷ്യ വികസന റിപ്പോർട്ട നുസരിച്ച് ആരോഗ്യ സേവനത്തിന്നുള്ള ചെലവ് സ്തംഭനാവസ്ഥയിലാണ്. കഴിഞ്ഞ ഒരു ദശകത്തിന്നിടയിൽ പുതു തായി ഒരു പ്രാഥമികാരോഗ്യകേന്ദ്രം പോലും സ്ഥാപിച്ചിട്ടില്ല. ഗ്രാമീണ തൊഴിലുറപ്പു പദ്ധതി പ്രകാരം 100 ദിവ സത്തെ തൊഴിൽ നൽകേണ്ട സ്ഥാനത്ത് 14 ദിവസത്തെ തൊഴിലേ നൽകിയിട്ടുള്ളൂ. നാഷനൽ സാമ്പിൾ സർവ്വേ റിപ്പോർട്ടനുസരിച്ച് ചിലകാ ലത്ത് ഗ്രാമങ്ങളിൽ അത്താഴ പട്ടിണി കിടക്കേണ്ടിവരുന്ന കുടുംബങ്ങൾ 10.6 ശതമാനമാണ്. ഒറീസയിൽ പോലും ഇത് 4.8 ശതമാനമേയുള്ളൂ. 6 വയ സ്സിന്നും 14 വയസ്സിന്നും ഇടക്കുള്ള കുട്ടികളിൽ പഠിപ്പുനിർത്തി പോകുന്ന വരുടെ എണ്ണം 9.61 ലക്ഷമാണ്; ബീഹാ റിൽ പോലും 6.96 ലക്ഷമേ പഠിപ്പ് ഉപേ ക്ഷിക്കുന്നുള്ളൂ. സ്കൂളിൽ പോകാത്ത 50,000 കുട്ടികളുള്ള ജില്ലകൾ ഇന്ത്യയി ലാകെയുള്ളത് 24 ആണ്. ഇതിൽ ഒമ്പ തെണ്ണവും ബംഗാളിലാണ്. ബംഗാ ളിലെ ജനസംഖ്യയിൽ 25 ശതമാനവും മുസ്ലീമുകളാണെങ്കിലും, സർക്കാർ സർവ്വീസിൽ അവർക്കുള്ള പ്രാതിനിധ്യം 2.1 ശതമാനം മാത്രമാണ്. മുസ്ലീം വിരോധത്തിന്ന് കുപ്രസിദ്ധമായ ഗുജറാ ത്തിലെ സർക്കാർ സർവ്വീസിൽ പോലും മുസ്ലീം പ്രാതിനിധ്യം 5.4 ശതമാനമുണ്ട്. ഒരു മാതൃക സംസ്ഥാനമാകാൻ ബംഗാ ളിന്ന് ഏറെ ദൂരം സഞ്ചരിക്കേണ്ടതു ണ്ടെന്നർത്ഥം.

കഷ്ടമെന്നു പറയുട്ടെ, വരേണ്യവർഗ്ഗ ത്തിന്നാണ് ബംഗാളിൽ മുൻഗണന നൽകപ്പെടുന്നത്. എന്തു ബലികഴിച്ചും, കർഷകരേയും തൊഴിലാളികളേയും ബലികൊടുത്തുപോലും വ്യവസായ വത്ക്കരണമെന്നതാണ് ബംഗാളിന്റെ ഇപ്പോഴത്തെ വാശി. ഇതിന്റെയെല്ലാം അനന്തരഫലമാണ് നന്ദിഗ്രാം. തങ്ങ ളുടെ നിയന്ത്രണത്തിൽനിന്നു വഴുതി പ്പോയ ആ പ്രദേശം അവർ ബലപ്രയോ ഗത്തിലൂടെ തിരിച്ചു പിടിച്ചു. ഇൻഡോ ണേഷ്യൻ പ്രസിഡണ്ടായിരുന്ന ജന: സുഹർത്തോയുടെ കുടുംബം വക യായ സലിം ഗ്രൂപ്പിന്ന് കെമിക്കൽ ഫാക്ടറി സ്ഥാപിക്കാനാണ് നന്ദിഗ്രാം തിരഞ്ഞെടുക്കപ്പെട്ടത്. ➡

# മനുഷ്യാവകാശവാദികളെ മാവോയിസ്റ്റുകളാക്കുന്നു

**- സഞ്ജന, ശൃംഗേരി -**

**ക**ർണ്ണാടകത്തിലെ ശൃംഗേരിയിലെ പച്ചയണിഞ്ഞ വിശാലമായ പുരയിടത്തിലെ ഭാഗ്യ-ഗുരുമൂർത്തി ദമ്പതികളുടെ വീട് സദാസമയവും തിരക്കേറിയതായിരിക്കും. രണ്ടുപേരും പൊതുപ്രവർത്തകരാണ്. അനീതികൾക്കെതിരായി ഭാഗ്യം എഴുതുന്ന കത്തുകൾ പ്രമുഖ കന്നഡപത്രമായ പ്രജാവാണി പ്രസിദ്ധീകരിക്കാറുണ്ട്. അവരുടെ നിശിതമായ കത്തുകൾ കർണ്ണാടകത്തിലെ ജനങ്ങൾക്കിടയിൽ ഭാഗ്യയെ പ്രസിദ്ധയാക്കിയിട്ടുമുണ്ട്.

ഗുരുമൂർത്തിയും ഭാഗ്യയും ശൃംഗേരിയിൽ താമസമാക്കിയത് 1993-ലാണ്. കുറച്ചുമാസങ്ങളായി ഇവർ പോലീസിന്റെ നിരീക്ഷണത്തിലാണ്. ഗുരുമൂർത്തിയുടെ സുഹൃത്തുക്കളെയെന്നല്ല, അദ്ദേഹത്തെ കാണാൻ വരുന്നവരേയും പോലീസ് ചോദ്യം ചെയ്യുന്നു. എന്തിനാണ് ഗുരുമൂർത്തിയെ പോയികാണുന്നതെന്നാണ് പോലീസിന്റെ ചോദ്യം. മാത്രമല്ല, ഗുരുമൂർത്തിയും ഭാര്യയും മാവോയിസ്റ്റ് സഹചാരികളാണെന്ന് പറഞ്ഞ് ജനങ്ങളെ പേടിപ്പിക്കുകയും ചെയ്യുന്നുണ്ട്. പത്തുപതിനഞ്ചു കൊല്ലമായി സുഹൃത്തുക്കളായിരുന്നവർപോലും ഇപ്പോൾ ഗുരുമൂർത്തിയെ സംശയത്തോടും ഭീതിയോടും കൂടിയാണ് വീക്ഷിക്കുന്നത്.

പത്തുകൊല്ലം മുമ്പ്, 1998-ലാണ് കുഴപ്പം ആരംഭിച്ചത്. കുദ്രെമുഖ് വനപ്രദേശം നാഷനൽ പാർക്കാക്കി മാറ്റാൻ ഗവർമ്മേണ്ട് തീരുമാനിച്ചതോടെ ജനങ്ങൾ അതിന്നെതിരെ പ്രക്ഷോഭണമാരംഭിച്ചു. ഭാഗ്യയും ഗുരുമൂർത്തിയും അതിന്നു നേതൃത്വം നൽകി. ഉദ്യാന വിരോധി കൂട്ടായ്മ എന്നൊരു പ്രസ്ഥാനം നിലവിൽവന്നു. ഭാഗ്യയും ഗുരുമൂർത്തിയും ഇതിലെ സ്ഥാപകാംഗങ്ങളാണ്. ആദിവാസികളെ കാട്ടിൽനിന്ന് ഇറക്കിവിടാൻ വനം വകുപ്പുകാർ നടത്തിയ ശ്രമങ്ങളെ ഈ കൂട്ടായ്മ ചെറുത്തു. ആദിവാസികൾ, കുടിയേറ്റ കർഷകർ, പരിസ്ഥിതി പ്രവർത്തകർ തുടങ്ങിയവരെല്ലാം സമരരംഗത്തുണ്ടായിരുന്നു. ഗുരുമൂർത്തിയുടെ വീടായിരുന്നു സമരക്കാരുടെ താവളം.

അങ്ങനെയിരിക്കെ 2003 ൽ മാവോ

---

എന്തു ബലികഴിച്ചും വ്യവസായവത്ക്കരണമെന്ന നയം ഇടതുമുന്നണിയിൽ, ഇതാദ്യമായി, ഒരു ഭിന്നിപ്പുണ്ടാക്കിയിരിക്കുന്നു. ഈ സമീപനം ഇടതുമുന്നണിയെ പണക്കാരുടേയും ഇടത്തരക്കാരുടേയുമായ ഒരു സോഷ്യൽ ഡെമോക്രാറ്റിക് പാർട്ടിയാക്കി മാറ്റും.

തങ്ങളുടെ പാർട്ടി തീവ്രതരമായ സാമൂഹ്യ പരിവർത്തനങ്ങൾക്കായി പോരാടണോ, അതോ ചീനാ മാതൃകയിൽ മുതലാളിത്തത്തെ കൈകാര്യം ചെയ്യുന്ന ഒന്നാകണോ എന്ന് മാർക്സിസ്റ്റ് പാർട്ടി തീരുമാനിക്കേണ്ടിയിരിക്കുന്നു. ഇതിൽ ചീനാമാതൃകയാണ് സ്വീകരിക്കുന്നതെങ്കിൽ, പോക്ക് അധോഗതിയായിട്ടാകും, അന്ധമായ പാർട്ടി ഭക്തി വളർത്തുകയും ഭിന്നാഭിപ്രായം പറയുന്നവരെ ശിക്ഷിക്കുകയും ചെയ്യുന്ന ജനാധിപത്യ വിരുദ്ധമായ സംഘടനാ സംസ്കാരത്തോട് മാർക്സിസ്റ്റ് പാർട്ടി വിട വാങ്ങേണ്ടിയിരിക്കുന്നു. ❏

യിസ്റ്റുകളും ഈ നാഷണൽ പാർക്കിന്നേതിരായി രംഗത്തുവന്നു. അതോടെ പോലീസ് പീഡനമുറകളാരംഭിച്ചു. ആളുകളെ കള്ളക്കേസിൽ കുടുക്കി അറസ്റ്റ് ചെയ്യുക, വ്യാജ ഏറ്റുമുട്ടൽ സംഘടിപ്പിക്കുക, ആദിവാസികളെ നിരന്തരം ചോദ്യം ചെയ്യുക, അവരുടെ വീടുകളിൽ മിന്നൽ പരിശോധന നടത്തുക എന്നിവ സർവ്വ സാധാരണയായി. പല ആദിവാസികളേയും മാവോയിസ്റ്റ് മുദ്രകുത്തി തല്ലികൊന്നിട്ടുണ്ട്. പോലീസിൽ നക്ഷൽ വേട്ടക്കായി ഒരു പ്രത്യേക സേനാ വിഭാഗംതന്നെ രൂപീകരിച്ചു.

2007 ജൂലായ് 10 ന്ന് നക്ഷൽ വേട്ടക്കിറങ്ങിയ പോലീസ് ഹത്യാഡ്കയിൽവച്ച് നാലുപേരെ വെടിവച്ചുകൊന്നു. അതിലൊരാൾ ജനകീയ കൂട്ടായ്മയുടെ സെക്രട്ടറിയായിരുന്നു. മാവോയിസ്റ്റുകളാകട്ടെ, പോലീസ് ചാരൻമാരെന്നുപറഞ്ഞ് രണ്ടുപേരെ വെടിവച്ചുകൊന്നു. ഇത് സ്ഥിതിഗതികളെ കൂടുതൽ വഷളാക്കി. മാവോയിസറ്റ് സാന്നിധ്യത്തിന്റെ പേരുംപറഞ്ഞ് എല്ലാവിധ പ്രതിഷേധ പ്രകടനങ്ങളേയും പോലീസിപ്പോൾ തടയുകയാണ്.

1998 മുതൽതന്നെ നാഷനൽ പാർക്കിന്നെതിരായി ജനകീയ കൂട്ടായ്മ റാലികളും പൊതുയോഗങ്ങളും നടത്തിവന്നിരുന്നു. മന്ത്രിമാരെകണ്ട് നിവേദനങ്ങൾ സമർപ്പിച്ചുപോന്നു; ഉദ്യോഗസ്ഥൻമാരെ ഘേരാവോ ചെയ്തു. എന്നിട്ടും ഗവർമ്മേണ്ടിന്റെ ഭാഗത്തുനിന്ന് ഒരു പ്രതികരണവുമുണ്ടായില്ല; ഒരു മറുപടിപോലും ലഭിച്ചില്ല. ഇങ്ങനെയൊരു ജനകീയ കൂട്ടായ്മയുണ്ടെന്ന് അംഗീകരിക്കാൻപോലും അവർ കൂട്ടാക്കിയില്ല.

ഗവർമ്മേണ്ടിൽനിന്ന് ആദ്യമായൊരു പ്രതികരണമുണ്ടായത് 2003 ലാണ്. ഇഡു എന്ന സ്ഥലത്തുവച്ച് പോലീസും മാവോയിസ്റ്റുകളും തമ്മിൽ ഒരു ഏറ്റുമുട്ടൽ നടന്നു. പാർവ്വതി, ഹജിമ എന്നീ രണ്ടു മാവോയിസ്റ്റുകൾ ഈ സംഘട്ടനത്തിൽ കൊല്ലപ്പെട്ടു. ഇത് പത്രങ്ങളെ ക്ഷോഭിപ്പിച്ചു. ജനങ്ങൾ ബഹളം കൂട്ടി. നാഷനൽ പാർക്കിൽനിന്ന് ആദിവാസികളെ കുടിയിറക്കില്ലെന്ന് ഗവർമ്മേണ്ട് ഒടുവിൽ ഉറപ്പു നൽകി.

പോലീസും മാവോയിസ്റ്റുകളും തമ്മിൽ 2004 നവമ്പറിൽ വീണ്ടുമൊരു സംഘടനം നടന്നു. ഇതിനെത്തുടർന്ന് ഗുരുമൂർത്തിയുടെ സഹോദരനായ രവിയെ അറസ്റ്റ് ചെയ്തു. ഇതു സംബന്ധിച്ച് ഭാഗ്യപ്രജാവാണിക്ക് ഒരു കത്തയച്ചു. ജനകീയ കൂട്ടായ്മയെ അടിച്ചമർത്താൻ പോലീസ് മാവോയിസ്റ്റ് സാന്നിധ്യത്തെ ഒരു മറയാക്കുകയാണെന്നും അതിന്റെ ഭാഗമാണ് രവിയുടെ അറസ്റ്റെന്നും അവർ ചൂണ്ടിക്കാട്ടി.

നാഷനൽ പാർക്കിന്ന് കുടിയൊഴിപ്പിക്കുന്നവരുടെ പുനരധിവാസകാര്യത്തിൽ ഗവർമ്മേണ്ട് ശ്രദ്ധിക്കുന്നില്ല. ഇവരുടെ പുനരധിവാസത്തിന്നായി ഗവർമ്മേണ്ട് 2003 ൽ അറുപതു കോടി രൂപ വകയിരുത്തിയിരുന്നു. എന്നാൽ ഒരു രൂപ പോലും ചെലവാക്കിയില്ല. 2006ൽ പുനരധിവാസത്തുക നൂറ്റമ്പതുകോടിരൂപയായി വർധിപ്പിച്ചു. എന്നിട്ടും ആർക്കും ഒന്നും നൽകിയില്ല. ഇപ്പോഴിതാ പുരനധിവാസത്തിന്നുള്ള പണം ഇരുപത്തിനാലുകോടി രൂപമാത്രമായി വെട്ടിക്കുറച്ചിരിക്കുന്നു. ഇതിന്റെ കഥയും തഥൈവ. ഇതുവരെ ഒരു രൂപപോലും പുനരധിവാസത്തിന്നായി ചെലവഴിച്ചിട്ടില്ല.

പ്രജാവാണിയിൽ വരുന്ന ഭാഗ്യയുടെ കത്തുകളാണ് ഇത്തരം കാര്യങ്ങളെ പുറത്തു കൊണ്ടുവരുന്നത്. ആദിവാസികൾക്കെതിരായ പോലീസ് അതിക്രമങ്ങൾ വർധിച്ചുകൊണ്ടിരിക്കുകയാണ്. റാലിയും പൊതുയോഗവുമെല്ലാം പോലീസ് തടയുന്നതിനാൽ പത്രത്താളുകൾ മാത്രമാണ് ഭാഗ്യക്ക് ഇന്ന് ഒരാശ്രയം.

❑

# അധികാരികളെ അലട്ടുന്ന സാമൂഹ്യ ഓഡിറ്റിങ്ങ്

1996 ലെ ബീവാറിൽനിന്നും 2007 ലെ ബൻസ്വാരയിലെത്തുമ്പോഴേക്കും രാജസ്ഥാനിലെ ജനങ്ങൾ കുറെയേറെ ചരിത്രം സൃഷ്ടിച്ചിട്ടുണ്ട്. ദേശീയ വിവരാവകാശ നിയമം, തൊഴിലുറപ്പു പദ്ധതി എന്നീ ചരിത്ര പ്രധാനമായ രണ്ടു നിയമങ്ങൾ ഇന്ത്യക്കാർക്ക് നൽകിയത് രാജസ്ഥാനിലെ ജനങ്ങളാണെന്നു പറയാം. ഈ രണ്ടു നിയമങ്ങളുടേയും രൂപം വാർന്നു വീണത് രാജസ്ഥാനിലാണ്.

പതിനൊന്നു കൊല്ലമെന്ന നീണ്ട ഇടവേളയുണ്ടായിട്ടും ജനങ്ങളുടെ മനോഭാവത്തിൽ കാര്യമായ മാറ്റമുണ്ടായിട്ടില്ല. ബൻസ്വാര ജില്ലയിൽ ഈയിടെയുണ്ടായ സംഭവങ്ങൾ അതാണ് സൂചിപ്പിക്കുന്നത്.

തൊഴിലുറപ്പു പദ്ധതി നടപ്പാക്കിയ ജില്ലകളിലൊന്നാണ് ബൻസ്വാര. അവിടെ നടപ്പാക്കിയ പദ്ധതികളുടെ ഒരു സാമൂഹ്യ ഓഡിറ്റിങ്ങ് നടത്താൻ രാജസ്ഥാനിലെ റോസ് ഗാർ ഏവം സച്ച്ന ക അധികാർ അഭിയാൻ എന്ന സന്നദ്ധ സംഘടന തീരുമാനിച്ചു. കഴിഞ്ഞ നവമ്പറിൽ ഇതു സംബന്ധിച്ച് നോട്ടീസ് നൽകിയിരുന്നു. ഡിസംബർ 6ന്ന് നാനൂറോളം പേർ കുശാൽ നഗർ ബ്ലോക്ക് ഓഫീസിൽ എത്തി ബഹളം കൂട്ടി. തൊഴിലുറപ്പു പദ്ധതി പ്രകാരം തൊഴിൽ നൽകിയവരുടെ ലിസ്റ്റ് കാണണമെന്ന് വെങ്കടറാം എന്ന യുവാവ് അധികാരികളോട് ആവശ്യപ്പെട്ടതാണ് വഴക്കിന്ന് തുടക്കമിട്ടത്. ചില ഗുണ്ടകൾ വെങ്കടറാമിനെ ഭീകരമായി മർദ്ദിക്കുകയും റോഡിലൂടെ വലിച്ചിഴക്കുകയും ചെയ്തു. മറ്റു ചിലരേയും അധികൃതർ ഭീഷണിപ്പെടുത്തി വിട്ടു. ഈ വഴക്കും മർദ്ദനവുമെല്ലാം ബ്ലോക്ക് ഓഫീസിന്നു മുന്നിൽ, അധികൃതർ നോക്കി നിൽക്കെയാണുണ്ടായത്.

ഇവിടെ രണ്ടു നിയമങ്ങളും ധ്വംസിക്കപ്പെട്ടു. തൊഴിലുറപ്പു പദ്ധതി പ്രകാരമുള്ള പണികൾ സാമൂഹ്യ ഓഡിറ്റിങ്ങിനു വിധേയമാക്കണമെന്നും കണക്കുകൾ ജനങ്ങളെ ബോധിപ്പിക്കണമെന്നും തൊഴിലുറപ്പു പദ്ധതിയിൽ തന്നെ പറയുന്നുണ്ട്. പോരെങ്കിൽ, സർക്കാർ ഓഫീസിൽനിന്ന് ഏതു വിവരം ലഭിക്കാനും വിവരാവകാശ നിയമപ്രകാരം ഓരോ പൗരന്നും അവകാശവുമുണ്ട്. ഇതു രണ്ടും ഇവിടെ ധ്വംസിക്കപ്പെട്ടു. സാമൂഹ്യ ഓഡിറ്റിങ്ങ് നടത്തുമെന്നറിയിച്ചുകൊണ്ട് നവമ്പറിൽ നോട്ടീസ് നൽകിയതോടെത്തന്നെ ഉദ്യോഗസ്ഥൻമാർ അതിനെ ചെറുക്കാൻ തുടങ്ങിയിരുന്നു. അത്ഭുതമെന്നു പറയട്ടെ, ഉദ്യോഗസ്ഥന്മാർ മാത്രമല്ല, ജനപ്രതിനിധികളും ഓഡിറ്റിങ്ങിനെ എതിർക്കാൻ മുന്നോട്ടു വന്നു; അതുമല്ല, പ്രതിപക്ഷക്കാരായ എം. എൽ.എ മാരും എതിർപക്ഷത്തായിരുന്നു.

പിപ്പൽകുണ്ട് പഞ്ചായത്ത് സമിതിയുടെ പ്രസിഡണ്ട് ഔദ്യോഗികമായിത്തന്നെ സോഷ്യൽ ഓഡിറ്റിങ്ങിന്നെതിരായി രംഗത്തുവന്നു. തന്റെ അനുവാദം കൂടാതെ ആർക്കും ഒരു വിവരവും നൽകിപ്പോകരുതെന്നും, സാമൂഹ്യ ഓഡിറ്റിങ്ങിന്നായി ആരും ഗ്രാമസഭായോഗം വിളിച്ചുകൂട്ടരുതെന്നും അയാൾ കല്പന നൽകി.

ഈ നടപടി വിവരാവകാശ നിയമത്തിന്റേയും തൊഴിലുറപ്പു പദ്ധതി സംബന്ധിച്ച വ്യവസ്ഥകളുടെയും നഗ്നമായ ലംഘനമാണ്.

പഞ്ചായത്ത് രാജ് സമിതികളുടെ നേതാക്കൾക്കെതിരെ ചില സന്നദ്ധ സംഘടനകൾ നാടകം കളിച്ചും പാട്ടു പാടിയും ചീത്തപ്പേരുണ്ടാക്കുകയാണെന്നും, അതിനാൽ സാമൂഹ്യ ഓഡിറ്റ് നടത്താൻ ഇവരെ അനുവദിക്കരുതെന്നും ജില്ലാ പ്രമുഖിന്റെ നേതൃത്വത്തിൽ ചില ജനപ്രതിനിധികൾ കലക്ടർക്കൊരു നിവേദനം സമർപ്പിക്കുകയുണ്ടായി. സാമൂഹ്യ ഓഡിറ്റിങ്ങിന്ന് അനുവദിച്ചാൽ, തൊഴിലുറപ്പു പദ്ധതി പ്രകാരമുള്ള പണികളെല്ലാം ഉപേക്ഷിക്കുമെന്ന് അവർ ഭീഷണിപ്പെടുത്തിയിട്ടുമുണ്ട്.

തൊഴിലുറപ്പു പദ്ധതി പ്രകാരം തൊഴിൽ ലഭിച്ചവരുടെ ലിസ്റ്റ് ആവശ്യപ്പെട്ടിട്ട് പതിനഞ്ചു ദിവസം കഴിഞ്ഞുവെങ്കിലും ബൻസ്വാര ജില്ലയിലെ ഒരൊറ്റ പഞ്ചായത്തും വിവരം നൽകിയിട്ടില്ല. തൊഴിലുറപ്പു പദ്ധതി പ്രകാരം ഒരാൾ അപേക്ഷ സമർപ്പിച്ചാൽ ഏഴു ദിവസത്തിന്നകം വിവരം നൽകണമെന്നാണ് വ്യവസ്ഥ.

പ്രാദേശിക രാഷ്ട്രീയക്കാർ ഭരണഘടനാപരവും നിയമപരവുമായ എല്ലാ വ്യവസ്ഥകളേയും ധ്വംസിച്ചുകൊണ്ട് ഗവർമ്മേണ്ടിനെ ഗതികേടിലാക്കിയപ്പോൾ, ഭരണ സംവിധാനം തന്നെ അങ്കലാപ്പിലായി. ഇതിന്നിടയിൽ കുറച്ചു രാഷ്ട്രീയ അതിപ്രസരം കൂടി കടന്നു കൂടുകയുണ്ടായി. ജനുവരിയിൽ ഝലവാർ ജില്ലയിൽ സാമൂഹ്യ ഓഡിറ്റിങ്ങ് നടത്തുമെന്ന് അഭിയാൻ പ്രഖ്യാപിച്ചതാണ് പ്രശ്നത്തെ കൂടുതൽ സങ്കീർണ്ണമാക്കിയത്. ഝലവാർ മുഖ്യമന്ത്രിയുടെ സ്വന്തം ജില്ലയാണ്. പോരെങ്കിൽ ഇക്കൊല്ലം രാജസ്ഥാനിൽ നിയമസഭാതിരഞ്ഞെടുപ്പ് നടക്കാൻ പോകുകയുമാണ്.

സർക്കാർ ഇപ്പോൾ സാമൂഹ്യ ഓഡിറ്റിങ്ങിൽനിന്ന് ഒഴിഞ്ഞുമാറിക്കൊണ്ടിരിക്കുകയാണ്. ഓഡിറ്റിങ്ങിനെ എതിർക്കാൻ ഗവർമ്മേണ്ടിനാവില്ല; എന്നാൽ സാങ്കേതിക കാരണങ്ങൾ പറഞ്ഞ് കാലതാമസമുണ്ടാക്കാം. അഭിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ നൽകില്ലെന്ന് തങ്ങൾ പറഞ്ഞിട്ടില്ലെന്നും അത് വിവരാവകാശ നിയമപ്രകാരമാണോ നൽകേണ്ടത് എന്ന സംശയം മൂലം കാര്യം നീണ്ടുപോകുകയാണെന്നും കലക്ടർ ഈയിടെ വിശദീകരണം നൽകി.

അഭിയാൻ പ്രവർത്തകർ കലക്ടറേറ്റിനു മുന്നിൽ, സത്യഗ്രഹം ആരംഭിച്ചതിനെത്തുടർന്ന് പ്രശ്നത്തിന്ന് പരിഹാരം കണ്ടു. ഇതനുസരിച്ച് വിവരങ്ങൾ നൽകുക വിവരാവകാശ നിയമപ്രകാരമായിരിക്കും; എന്നാൽ തൊഴിലുറപ്പു പദ്ധതിയിലെ വ്യവസ്ഥ പ്രകാരം ഏഴു ദിവസത്തിന്നകം വിവരം നൽകണം. അതിന്റെ ചെലവ് അപേക്ഷകൻ വഹിക്കണം. (വിവരാവകാശ നിയമപ്രകാരമാണെങ്കിൽ രണ്ടു രൂപയേ വാങ്ങാൻ പാടുള്ളൂ.)

തൊഴിലുറപ്പു പദ്ധതി എന്നത് സർക്കാരിനേയോ ജനപ്രതിനിധികളേയോ ബാധിക്കുന്ന ഒന്നല്ല. ദരിദ്രരിൽവച്ച് ദരിദ്രരായവർക്കുള്ള പദ്ധതിയാണത്. അവർക്ക് ഈ നിയമപ്രകാരം അവകാശപ്പെട്ട പണികിട്ടുന്നില്ലെങ്കിൽ, ശരിയായ വേതനം കിട്ടുന്നില്ലെങ്കിൽ അത് കിട്ടാറാക്കേണ്ടത് എല്ലാവരുടേയും ചുമതലയാണ്. ജനങ്ങളുടെ സൂക്ഷ്മമായ മേൽനോട്ടമില്ലെങ്കിൽ ഈ പദ്ധതിയുടെ കഥയും കഴിയും. എന്നാണ് പ്രശസ്ത സാമൂഹ്യ പ്രവർത്തകയായ അരുണ റോയ് പറഞ്ഞത്. ❑

# ഒറീസയിലെ പോസ്കോ വിരുദ്ധ സമരം മൂക്കുന്നു

ദക്ഷിണ കൊറിയയിലെ പൊഹാങ്ങ് സ്റ്റീൽ കമ്പനി (പോസ്കോ) ഒറീസയിൽ 52,000 കോടി ക. ചെലവഴിച്ച് നിർമ്മിക്കാനുദ്ദേശിക്കുന്ന ഉരുക്കു നിർമ്മാണ ശാലക്കെതിരായ ജനങ്ങളുടെ പ്രക്ഷോഭണം ശക്തിപ്പെട്ടുവരികയാണ്. ഗവർമ്മേണ്ടിന്റെ പുത്തൻ സാമ്പത്തിക നയത്തിന്റെ അവിഭാജ്യ ഘടകമായ കുടിയിറക്കൽ തന്നെയാണ് ഇവിടത്തേയും പ്രധാന പ്രശ്നം.

തലസ്ഥാന നഗരമായ ഭുവനേശ്വറിനടുത്തുള്ള ധിൻക്യ, നവഗവോൺ, ഗഡാകുജാങ് എന്നീ മൂന്നു ഗ്രാമപഞ്ചായത്തുകളിൽപെട്ട സ്ഥലമാണ് കമ്പനിക്കായി അക്വയർ ചെയ്യുന്നത്. എത്ര ഭൂമി അക്വയർ ചെയ്യേണ്ടിവരും, എത്ര കുടുംബങ്ങളെ കുടിയിറക്കേണ്ടിവരും തുടങ്ങിയ കാര്യങ്ങൾ ഇപ്പോഴും തർക്കത്തിലാണ്. സർക്കാർ ഒരു കണക്കു പറയുമ്പോൾ ജനങ്ങൾ പറയുന്നത് മറ്റൊരു കണക്കാണ്.

ഈ പദ്ധതിക്കുവേണ്ടി 400 കുടുംബങ്ങളെ മാത്രമേ മാറ്റി പാർപ്പിക്കേണ്ടിവരൂ എന്നാണ് സർക്കാർ പറയുന്നത്. എന്നാൽ 2001ലെ കനേഷുമാരി കണക്കനുസരിച്ച് ഈ മൂന്നു ഗ്രാമങ്ങളിൽ 3350 കുടുംബങ്ങളിലായി 22000 പേരുണ്ടെന്ന് ജനങ്ങൾ പറയുന്നു. കണക്കുകളിൽ ഇത്ര ഭീമമായ അന്തരം വരുന്നതിന്റെ കാരണം ഭൂമികയ്യേറ്റ പ്രശ്നമാണ്. സർക്കാർ കണക്കു പ്രകാരം ഈ മൂന്നു ഗ്രാമങ്ങളിൽ സ്വകാര്യ ഉടമസ്ഥതയിലുള്ളത് 438 ഏക്കർ മാത്രമാണ്. ബാക്കിയുള്ള 3500 ഏക്കർ സർക്കാർ കണക്കുപ്രകാരം പുറംപോക്കാണ്. എന്നാൽ പണ്ടുകാലം മുതൽക്കേ ആദിവാസികൾ കൈവശം വച്ച് കൃഷിയിറക്കി വരുന്ന ഭൂമിയാണിത്. വെറ്റില, കശുമാവ് തുടങ്ങിയവയാണ് പ്രധാന കൃഷികൾ. ഇവർക്കു പുറമെ ഭൂരഹിതരായ ഒട്ടേറെ കർഷക തൊഴിലാളികളുമുണ്ട്. ഇവരൊന്നും സർക്കാർ കണ



ഒറീസയിലെ ജഗത് സിങ് പുരം ഗ്രാമത്തിലെ ജനങ്ങൾ ഉദ്യോഗസ്ഥന്മാർക്ക് പ്രവേശനം നിഷേധിച്ചുകൊണ്ട് വഴി തടഞ്ഞിരിക്കുന്നു.

ക്കിൽ പെടാത്തവരാകയാൽ ഇവർക്കു നഷ്ടപരിഹാരം കിട്ടില്ല; ഇവരെ പുനരധിവസിപ്പിക്കുകയുമില്ല.

2005 ജൂണിലാണ് ഒറീസാഗവർമ്മേണ്ടും പോസ്ക്കോവും തമ്മിൽ ആദ്യത്തെ ധാരണാ പത്രത്തിൽ ഒപ്പുവച്ചത്. ഇതിന്നുശേഷം വേറെ നാല്പതിൽപരം ധാരണാ പത്രങ്ങളിലും ഇവർ ഒപ്പുവച്ചിട്ടുണ്ട്. ഉരുക്കു നിർമ്മാണത്തിന്നു പുറമെ വേറേയും പല ഇടപാടുകൾക്കും വ്യവസ്ഥയുണ്ട്. കൊല്ലത്തിൽ 120 ലക്ഷം ടൺ ഉരുക്ക് ഉൽപാദിപ്പിക്കുന്നതിന്നു പുറമെ ഒറീസയിൽനിന്ന് ഇരുമ്പയിൻ കയറ്റുമതി ചെയ്യാനും പ്ലാനുണ്ട്. ഈ ആവശ്യത്തിനു മാത്രമായി പ്രത്യേകമൊരു തുറമുഖം തന്നെ നിർമ്മിക്കാനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിന്നായി 4500 ഏക്കർ നീക്കിവച്ചിരിക്കുന്നു. അടുത്ത മുപ്പതു കൊല്ലംകൊണ്ട് അറുപത് കോടി ടൺ ഇരുമ്പയിർ ഖനനം ചെയ്യാനാണ് പ്ലാൻ.

പോസ്ക്കോ കമ്പനിക്ക് ഭൂമി നൽകുക, ഇരുമ്പയിർ ഖനനത്തിന്ന് ലൈസൻസ് നൽകുക, വനം നിയമം, പരിസ്ഥിതി നിയമം തുടങ്ങിയ നൂലാമാലകളിൽനിന്ന് കമ്പനിയെ ഒഴിവാക്കിക്കൊടുക്കുക, സമീപത്തുകൂടി ഒഴുകുന്ന മഹാനദിയിൽ രണ്ടു ദിക്കിൽ ചിറകെട്ടി കമ്പനിക്ക് ദിവസേന 29 കോടി ലിറ്റർ ശുദ്ധജലം നൽകുക എന്നിവയെല്ലാം ഗവർമ്മേണ്ടിന്റെ ചുമതലകളാണ്.

കേന്ദ്രഗവർമ്മേണ്ടിന്റെ പ്രത്യേക സാമ്പത്തികമേഖലാ പദ്ധതിയിൽ പോസ്ക്കോ കമ്പനിയേയും ഉൾപ്പെടുത്തിയിട്ടുണ്ട്. അതായത് നാമമാത്രമായ വിലക്ക് ഭൂമി നൽകുക, നികുതി ഒഴിവാക്കുക, തൊഴിൽ നിയമങ്ങളിൽനിന്ന് മോചനം നൽകുക എന്നിങ്ങനെയുള്ള ആനുകൂല്യങ്ങൾ ഇവർക്ക് കിട്ടും.

മൂന്നു പഞ്ചായത്തുകളെ മാത്രമല്ല ഈ പദ്ധതി ബാധിക്കുക. പരിസര ഗ്രാമങ്ങൾക്ക് ഒട്ടേറെ മലീനീകരണം സഹിക്കേണ്ടിവരും. ഇതിന്നുമുമ്പും പലേടത്തും ഖനനത്തിന്ന് അനുമതി നൽകിയിരുന്നു. അന്നെല്ലാം ഖനികൾ ആരംഭിച്ചത് നിയമവിരുദ്ധമായിരുന്നു. ഒറീസ ആദിവാസിമേഖലയാണ്. ആദിവാസികളുടെ ഭൂമി അക്വയർ ചെയ്യാൻ അവരുടെ അനുവാദം വാങ്ങണമെന്നാണ് വ്യവസ്ഥ. എന്നാൽ ഇന്നേവരെ ഒരിടത്തും ആദിവാസികളുടെ ഗ്രാമപഞ്ചായത്തിനെ വിവരം അറിയിക്കുക പോലും ചെയ്തിട്ടില്ല.

ഒലീവ് റിഡ്‌ലി എന്ന അപൂർവ്വ ഇനത്തിൽപെട്ട ആമകൾ മുട്ടയിടാൻ തിരഞ്ഞെടുക്കുന്ന പ്രദേശം മഹാനദീമുഖമാണ്. അവിടെത്തന്നെയാണ് പോസ്ക്കോവിന്ന് തുറമുഖമുണ്ടാക്കാൻ അനുമതിയും നൽകിയിരിക്കുന്നത്. 2007ൽ ഒറീസാതീരത്ത് 1,30,000 ആമകൾ മുട്ടയിടാൻ കയറിവരികയുണ്ടായി.

ഒട്ടേറെ നിവേദനങ്ങൾ സമർപ്പിച്ചിട്ടും ഒറീസാഗവർമ്മേണ്ട് കൂസലെന്യേ മുന്നോട്ടു പോകുകയാണ്. ഇന്ത്യയിലെ ഏറ്റവും വലിയ വിദേശമൂലധന നിക്ഷേപമെന്ന നിലക്ക് പ്രധാനമന്ത്രി മൻമോഹൻസിങ്ങിന്നും ഈ പോസ്ക്കോപദ്ധതിയിൽ വലിയ കമ്പം കാണുന്നുണ്ട്. പോസ്ക്കോവിന്നുള്ള ഭൂമി അക്വിസിഷൻ ത്വരിതപ്പെടുത്തണമെന്ന് പ്രധാനമന്ത്രി ഈയിടെ ഒറീസാ ഗവർമ്മേണ്ടിനോട് ആവശ്യപ്പെടുകയുണ്ടായി.

ഇതെല്ലാം ജനങ്ങളെ പരിഭ്രാന്തരാക്കിയിട്ടുണ്ട്. ബംഗാളിലെ നന്ദിഗ്രാമിലെ ജനങ്ങളെ അനുകരിച്ചുകൊണ്ട് ജഗത്‌സിങ്പൂരിലെ ജനങ്ങൾ ഉദ്യോഗസ്ഥന്മാർക്ക് അങ്ങോട്ടു പ്രവേശനം നിഷേധിച്ചുവരികയാണ്. ഇതിന്ന് തിരിച്ചടിയായി ഒറീസാ സായുധസേന ഗ്രാമങ്ങളെ വളഞ്ഞിട്ടുണ്ട് ഗ്രാമീണർക്കു വേണ്ട നിത്യോപയോഗവസ്തുക്കൾ കിട്ടാതെ ജനങ്ങൾ വലയുന്നു. ഗ്രാമങ്ങളിലെ ഇരുപതോളം സ്കൂളുകൾ പോലീസ് പിടിച്ചെടുത്ത് പോലീസ് താവളങ്ങളാക്കിയിട്ടുണ്ട്. ❑

കവർസ്റ്റോറി

# പൗരാവകാശങ്ങൾക്കുവേണ്ടി 'രക്തസാക്ഷിത്വം' വരിച്ച ജഡ്ജി

- ടി.വി. അച്ചുതവാരിയർ -

ഇന്ത്യക്കാർ ചരിത്രബോധമില്ലാത്ത ഒരു ജനതയാണ്. ഇന്നത്തെ അന്നത്തിനുവേണ്ടിയുള്ള വെപ്രാളത്തിന്നിടയിൽ അവർ ഇന്നലെ കഴിഞ്ഞതെല്ലാം മറക്കുന്നു. കഴിഞ്ഞ ഫെബ്രുവരി 25-ാം തിയ്യതി നിര്യാതനായ ജ: എച്ച്. ആർ. ഖന്നയുടെ മരണവിവരം കേരളത്തിലെ ഒരു പ്രമുഖ പത്രം അതിന്റെ ചരമ വാർത്താ പേജിൽ ഒതുക്കിക്കളഞ്ഞത് അതിന്നൊരു ഉദാഹരണമാണ്.

അടിയന്തിരാവസ്ഥക്കാലത്ത് ഇന്ത്യയെ അടക്കി വാഴുകയും നാവടക്കി പണിയെടുക്കാൻ ആജ്ഞാപിക്കുകയും ചെയ്ത ഇന്ദിരാഗാന്ധിയെ ധിക്കരിച്ചുകൊണ്ട് വിധിയെഴുതുകയും അങ്ങനെ തന്റെ ഭാവിയുടെ കടക്കൽതന്നെ കോടാലി വയ്ക്കുകയും ചെയ്ത മഹാനായിരുന്നു ജ. ഖന്നയെന്ന് ഇന്നത്തെ തലമുറക്കറിയില്ല.

ഇന്ത്യയെയാകെ കിടിലം കൊള്ളിച്ച 1970 കളിൽ വിഖ്യാതമായ ചില വിധികളെഴുതി ചരിത്രം സൃഷ്ടിച്ച ആളാണ് ജ. ഖന്ന. 1912 ൽ ജനിച്ച ഖന്ന 1934 ൽ അഭിഭാഷകനായി; 1952 ൽ ജില്ലാ ജഡ്ജിയും 1962 ൽ പഞ്ചാബ് ഹൈക്കോടതി ജഡ്ജിയുമായി നിയമിതനായ അദ്ദേഹം 1971 ലാണ് സുപ്രീം കോടതിയിൽ ജഡ്ജിയായത്.

1973 ൽ വിഖ്യാതമായ കേശവാനന്ദ ഭാരതി കേസിന്റെ വിധിയിലൂടെയാണ് ജ: ഖന്ന ചരിത്രത്തിൽ സ്ഥാനമുറപ്പിച്ചത്. ഭരണഘടന ഭേദഗതി ചെയ്യാൻ പാർലിമെന്റിനുള്ള അധികാരമായിരുന്നു ഇതിലെ മർമ്മപ്രധാനമായ പ്രശ്നം. പതിമൂന്നു ജഡ്ജിമാരടങ്ങിയ ഒരു ബഞ്ചിലാണ് ഈ പ്രശ്നം പരിഗണനക്കുവന്നത്. ഭരണഘടന സ്വേഛാപൂർവ്വം ഭേദഗതി ചെയ്യാൻ പാർലിമെന്റിന് അധികാരമുണ്ടെന്ന് ആറു ജഡ്ജിമാർ വിധിച്ചപ്പോൾ പാർലിമെന്റിന്റെ അധികാരം പരിമിതമാണെന്നാണ് മറ്റ് ആറ് ജഡ്ജിമാർ വിധിച്ചത്. എന്നാൽ ജ: ഖന്ന ഭരണഘടനയുടെ അടിസ്ഥാന ഘടനയൊഴിച്ചുള്ളവയേ പാർലിമെന്റിന്ന് ഭേദഗതി ചെയ്യാൻ കഴിയൂ എന്നു വിധിച്ചു. ഗവർമ്മേണ്ടിന്റെ ഇഷ്ടം പോലെ ഭരണഘടന ഭേദഗതി ചെയ്യാനാവില്ലെന്നു മാത്രമല്ല, ഭരണഘടനക്ക് ഭേദഗതിക്കതീതമായൊരു അടിസ്ഥാന ഘടനയുണ്ടെന്നുകൂടി ഇതോടെ സ്ഥാപിതമായി. ഈ വിധി ഇന്നും നിലനിൽക്കുന്നു. എച്ച്.എം. സിർവ്വായിയെപ്പോലെയുള്ള ഭരണഘടനാ വിശാരദന്മാർ അന്ന് ഈ വിധിയെ നിശിതമായി വിമർശിച്ചുവെങ്കിലും അടിയന്തരാവസ്ഥകാലത്ത് ഇന്ദിരാഗാന്ധി കാണിച്ച പരാക്രമങ്ങൾ കണ്ടതിന്നുശേഷം അവരെല്ലാം അഭിപ്രായം മാറ്റുകയുണ്ടായി. ഇന്ത്യൻ ഭരണഘടനയും ഇന്ത്യൻ ജനാധിപത്യവും വലിയ പോറലൊന്നുമേൽക്കാതെ ഇന്നും നിലനിൽക്കുന്നുണ്ടെങ്കിൽ നാമതിന്ന് 1973 ലെ ഖന്നയുടെ വിധിയോടാണ് കടപ്പെട്ടിരിക്കുന്നത്.

സുപ്രീം കോടതിയുടെ ഈ വിധിക്കെതിരെ ഇന്ദിരാഗാന്ധിയുടെ പ്രതികാര നടപടി കയ്യോടെതന്നെയുണ്ടായി. 1973 ഏപ്രിൽ 25ന്ന് സുപ്രീം കോടതിയിലെ സീനിയർമാരായ മൂന്നു ജഡ്ജിമാരെ തഴഞ്ഞുകൊണ്ട് നാലാമനായ ജ: എ.എൻ. റായിയെ ഇന്ദിരാഗാന്ധി പുതിയ ചീഫ് ജസ്റ്റീസായി നിയമിച്ചു. തന്മൂലം ഹെഗ്ഡെ, ഷേലാത്ത്, ഗ്രോവർ എന്നീ മൂന്നു ജഡ്ജിമാരും രാജിവച്ചു. ജഡ്ജിമാർ ഗവർമ്മേണ്ടിന്റെ പുരോഗമനാത്മകമായ നയങ്ങളോട്

പ്രതിജ്ഞാബദ്ധരായിരിക്കണമെന്ന പുതിയൊരു സിദ്ധാന്തം ഗവർമ്മേണ്ട് അവതരിപ്പിച്ചത് ഈ അവസരത്തിലാണ്.

എന്നാൽ ജ: ഖന്ന ഏറ്റവുമധികം പ്രകീർത്തിക്കപ്പെടുന്നത് 1976 ഏപ്രിൽ 28 ലെ അദ്ദേഹത്തിന്റെ പൗരാവകാശ വിധിയെ മുൻനിർത്തിയാണ്. 1971 ലെ തിരഞ്ഞെടുപ്പിൽ റേബാറില്ലി ലോകസഭാ സീറ്റിൽ കോൺഗ്രസ് സ്ഥാനാർത്ഥിയായി മത്സരിച്ച ഇന്ദിരാ ഗാന്ധി, തിരഞ്ഞെടുപ്പു പ്രചരണത്തിന്ന് ഉദ്യോഗസ്ഥരെ ഉപയോഗിച്ചുവെന്നും അത് തിരഞ്ഞെടുപ്പ് അഴിമതിയാണെന്നും ആരോപിച്ചുകൊണ്ട് സോഷ്യലിസ്റ്റ് നേതാവായ രാജനാരായണൻ ഒരു തിരഞ്ഞെടുപ്പ് ഹർജി സമർപ്പിച്ചിരുന്നു. ഈ ആരോപണം ശരിവച്ചുകൊണ്ടും ഇന്ദിരാഗാന്ധിയുടെ ലോകസഭാംഗത്വം റദ്ദാക്കിക്കൊണ്ടും 1975 ജൂൺ 12 ന്ന് അല്ലാഹാബാദ് ഹൈക്കോടതി വിധി പ്രസ്താവിച്ചു. ഇതിന്നെതിരെ ഇന്ദിരാഗാന്ധി സമർപ്പിച്ച അപ്പീലിന്ന് സുപ്രീംകോടതി സോപാധിക സ്റ്റേയാണ് അനുവദിച്ചത്. അതായത് ലോകസഭയിൽ സംസാരിക്കാനോ വോട്ടുചെയ്യാനോ ഇന്ദിരക്ക് കഴിയില്ലെന്നുവന്നു. ഇതിനെത്തുടർന്നാണ് 1975 ജൂൺ 25ന്ന് ഇന്ദിരാഗാന്ധി അടിയന്തരാവസ്ഥ പ്രഖ്യാപിച്ചത്. ജയപ്രകാശ്നാരായൺ, മൊറാർജി ദേശായ് തുടങ്ങിയ സമാരാധ്യ നേതാക്കന്മാർ മുതൽ സാധാരണ രാഷ്ട്രീയ പ്രവർത്തകർ വരെയുള്ളവരെയെല്ലാം പോലീസ് പിടിച്ച് ജയിലിലിട്ടു. പത്രങ്ങൾക്ക് സെൻസർഷിപ്പ് ഏർപ്പെടുത്തി. കോടതിവിധികൾ പോലും സർക്കാർ അനുവദിച്ചാലേ റിപ്പോർട്ടു ചെയ്യാനാവൂ എന്നുവന്നു.

അകാരണമായി ആളുകളെ പിടികൂടി വിചാരണ കൂടാതെ ജയിലിലടക്കുന്നതിന്നെതിരായി ഇന്ത്യയിലുടനീളം ഹൈക്കോടതികളിൽ ഒട്ടേറെ ഹേബിയസ് കോർപസ്സ് ഹർജികൾ സമർപ്പിക്കപ്പെട്ടു. ഈ അറസ്റ്റും തടങ്കലും നിയമവിരുദ്ധമാണെന്ന് ഒമ്പത് ഹൈക്കോടതികൾ വിധിക്കുകയുണ്ടായി. ഈ വിധികളെല്ലാം 1962 ലെ സുപ്രീം കോടതി വിധിയെ ആധാരമാക്കിയായിരുന്നു.

ചീനയുടെ ആക്രമണത്തെത്തുടർന്ന് 1962 ൽ ഇന്ത്യയിൽ ദേശരക്ഷാപരമായ അടിയന്തരാവസ്ഥ പ്രഖ്യാപിച്ചിരുന്നു. അന്നു അറസ്റ്റു ചെയ്യപ്പെട്ട ഒരാളുടെ കേസ് സുപ്രീം കോടതിയിൽ എത്തി. അടിയന്തരാവസ്ഥയിലും ഹേബിയസ് കോർപസ് ഹർജികളിൽ വിചാരണ നടത്താൻ കോടതികൾക്ക് അധികാരമുണ്ടെന്ന് ചീഫ് ജസ്റ്റീസ് ഗജേന്ദ്രഗാഡ്കർ അന്നു വിധിച്ചു. 1975 ൽ ഒമ്പത് ഹൈക്കോടതികളിൽ ഗവർമ്മേണ്ടിന്നെതിരെ വിധിയുണ്ടായത് ജ: ഗജേന്ദ്രഗാഡ്കറുടെ ഈ വിധിയെ ആസ്പദമാക്കിയായിരുന്നു.

ഈ ഹൈക്കോടതി വിധികൾക്കെതിരെ, 1976 ഏപ്രിലിൽ, സർക്കാർ സുപ്രീം കോടതിയെ സമീപിച്ചു. വിവിധ ജയിലുകളിൽ കിടക്കുന്ന തടവുകാർക്കുവേണ്ടി ശാന്തിഭൂഷൺ, രാംജത് മലാനി സോളി സൊറാബ്ജി, അനിൽ ദിവാൻ തുടങ്ങിയ അതി പ്രഗത്ഭരായ അഭിഭാഷകർതന്നെ സുപ്രീം കോടതിയിൽ ഹജരായി വാദം നടത്തി.

ചീഫ് ജസ്റ്റീസ് ജ: എ.എൻ. റായിയുടെ നേതൃത്വത്തിലുള്ളതും ജ: ഖന്ന, ജ: ബേഗ്, ജ: ചന്ദ്രചൂഡ്, ജ: ഭഗവതി എന്നിവരടങ്ങിയതുമായ ഒരു അഞ്ചംഗ ഭരണഘടനാ ബഞ്ചിലാണ് ഈ കേസ് വാദത്തിന്നു വന്നത്. പ്രശ്നം വളരെ ലളിതമായിരുന്നിട്ടും, ജ: ഗജേന്ദ്രഗാഡ്കറുടെ വിധി ഒരു ദീപസ്തംഭം പോലെ പ്രകാശം പൊഴിച്ചുകൊണ്ടിരുന്നിട്ടും അഞ്ചംഗബഞ്ചിലെ ജ: ഖന്നയൊഴിച്ചുള്ള നാലുപേരും സർക്കാരിന്നനുകൂലമായി വിധിയെഴുതുകയാണുണ്ടായത്. സർക്കാരിന്റെ അഭീഷ്ടത്തിന്നെതിരെ വിധിയെഴുതിയാൽ സ്വന്തം താൽപര്യങ്ങൾ അപകടത്തിലാകുമെന്ന ഭീതികൊണ്ടാകണം ഇവരിങ്ങനെ വിധിയെഴുതി

യത്. എന്നാൽ ജ: ഖന്ന ഇതിന്നെതിരായി വിധിയെഴുതി. മനുഷ്യാവകാശങ്ങളെ ഹനിക്കുന്ന, പൗരസ്വാതന്ത്ര്യങ്ങളെ ധ്വംസിക്കുന്ന ഒരു നടപടിക്കും, അടിയന്തരാവസ്ഥയിൽ പോലും സർക്കാരിന്നധികാരമില്ലെന്നും, അങ്ങനെ വല്ലതും സംഭവിച്ചാൽ അതിൽ ഇടപെടാൻ കോടതികൾക്ക് അധികാരമുണ്ടെന്നും അദ്ദേഹം വിധിയെഴുതി.

ഈ വിധി തന്റെ ഭാവിക്ക് കാലനായി ഭവിക്കുമെന്ന് അറിഞ്ഞുകൊണ്ടുതന്നെയാണ് ജ: ഖന്ന ഈ വിധിയുടെ അടിയിൽ ഒപ്പിട്ടത്. ജ: എ.എൻ. റായ് കഴിഞ്ഞാൽ സുപ്രീം കോടതിയിലെ ഏറ്റവും സീനിയറായ ജഡ്ജി ഖന്നയായിരുന്നു. അതായത് ഒരു കൊല്ലത്തിന്നകം ജ: എ.എൻ. റായ് റിട്ടയർ ചെയ്യുമ്പോൾ ചീഫ് ജസ്റ്റീസായി നിയമിക്കപ്പെടുമായിരുന്ന ആളായിരുന്നു അദ്ദേഹം.

അഞ്ചംഗബെഞ്ചിലെ നാലു ജഡ്ജിമാരും സർക്കാർ പക്ഷത്താകയാൽ, തന്റെ ഭിന്നാഭിപ്രായ വിധികൊണ്ട് ആർക്കും ഒരു നേട്ടവുമില്ലെന്ന് ജ: ഖന്നക്കറിയാമായിരുന്നു. പത്രങ്ങൾക്ക് സെൻസർഷിപ്പ് നിലവിലുള്ളതിനാൽ തത്വ നിഷ്ഠയോടുകൂടിയ തന്റെ വിധിയുടെ കാര്യം ഇന്ത്യയിലെ പത്രങ്ങൾ റിപ്പോർട്ട് ചെയ്യില്ലെന്നും ജനങ്ങൾ ഇതൊന്നും അറിയാൻ പോകുന്നില്ലെന്നും അദ്ദേഹത്തിന്ന് അറിയാമായിരുന്നു. നേരെ മറിച്ച് മറ്റു ജഡ്ജിമാരെപ്പോലെ താനും തൻകാര്യം നോക്കിയാൽ പത്തുമാസത്തിന്നകം ചീഫ് ജസ്റ്റീസായി സ്ഥാനക്കയറ്റം കിട്ടുമെന്നും അദ്ദേഹത്തിന്നറിയാമായിരുന്നു. ചീഫ് ജസ്റ്റീസാകുക എന്നത് ഏതു നിയമജ്ഞന്റേയും ഏറ്റവും വലിയ ജീവിതാഭിലാഷമാണ്. പ്രധാനമന്ത്രിപദം ഒരു രാഷ്ട്രീയ നേതാവിന്ന് എത്രമാത്രം അഭികാമ്യമാണോ അത്രയും അഭികാമ്യമായ ഒരു പദവിയാണ് ഒരു നിയമ വിശാരദന്ന് ചീഫ് ജസ്റ്റീസ് പദം. പ്രധാന മന്ത്രിയാകാൻ ഇന്ദിരാഗാന്ധി മുതൽക്കുള്ളവർ നടത്തിയ പരാക്രമങ്ങൾ നമുക്കറിയാം. അത്തരം പരാക്രമങ്ങൾ നടത്താതെതന്നെ ഖന്നക്ക് ചീഫ്ജസ്റ്റീസാകാമായിരുന്നു. ഒന്നു കണ്ണടിച്ചിരുന്നുവെങ്കിൽ, ചീഫ്ജസ്റ്റീസ് പദത്തിലേക്ക് ഒഴുകിയെത്താൽ അദ്ദേഹത്തിന്നു കഴിയുമായിരുന്നു. പക്ഷെ മൗലികമായ തത്വങ്ങളിൽ വിട്ടു വീഴ്ച ചെയ്യാൻ അദ്ദേഹം തയ്യാറായില്ല. മനുഷ്യാവകാശങ്ങൾക്കും പൗര സ്വാതന്ത്ര്യത്തിന്നും വേണ്ടി നിലകൊള്ളുന്നവർ പലരുണ്ടായിരിക്കും; എന്നാൽ അതിന്നു വേണ്ടി ത്യാഗം ചെയ്യുന്നവർ, രക്തസാക്ഷിത്വം വരിക്കാൻതന്നെ തയ്യാറാകുന്നവർ അപൂർവ്വമാണ്. അത്തരം അപൂർവ്വ ത്യാഗികളിലൊരാളായിരുന്നു ജ: ഖന്ന.

അടിയന്തരാവസ്ഥക്കാലമായിരുന്നതിനാൽ ഇന്ത്യയിൽ അധികം പോരൊന്നും ജ: ഖന്നയുടെ ഈ വിധിയെപ്പറ്റി അറിഞ്ഞിരുന്നില്ല; എന്നാൽ ഇന്ത്യക്കു പുറമെ ജനാധിപത്യം നിലവിലുള്ള എല്ലാ രാജ്യങ്ങളിലും ജ: ഖന്നയുടെ ഈ വിധി രോമാഞ്ചമണിയിച്ചു. അങ്ങകലെ കിടക്കുന്ന ന്യൂയോർക്ക് ടൈംസ് പോലും ഈ വിധിയെ പ്രകീർത്തിച്ചുകൊണ്ടൊരു മുഖപ്രസംഗം എഴുതി. അവർ പറഞ്ഞു:

"ഒരു സ്വതന്ത്ര രാഷ്ട്രമെന്ന നിലയിൽ ആദ്യത്തെ പതിനെട്ടു കൊല്ലക്കാലം സ്വാതന്ത്ര്യവും ജനാധിപത്യവും ഇന്ത്യയുടെ മുഖമുദ്രകളായിരുന്നു. ആ സ്വാതന്ത്ര്യത്തിലേക്കും ജനാധിപത്യത്തിലേക്കും ഇന്ത്യക്കിനി എന്നെങ്കിലും തിരിച്ചുവരാൻ സാധിക്കുകയാണെങ്കിൽ, അന്നാരെങ്കിലും സുപ്രീം കോടതി ജഡ്ജിയായ ജ: എച്ച്.ആർ. ഖന്നക്കൊരു സ്മാരകം നിർമ്മിക്കുമെന്നത് തീർച്ചയാണ്. രാഷ്ട്രീയ പ്രതിയോഗികളെ ഇഷ്ടംപോലെ പിടികൂടി, വിചാരണക്ക് വിധേയമാക്കാതെ തടങ്ങലിലിടാൻ ഇന്ദിരാഗാന്ധിയുടെ ഗവർമ്മേണ്ടിന്നു അധികാരമുണ്ടെന്ന കോടതിയുടെ തീരുമാനവുമായി

വിയോജിച്ചുകൊണ്ട്, സ്വാതന്ത്ര്യത്തിന്നു വേണ്ടി നിർഭയമായും ദൃഢമായും സംസാരിച്ചത് ജ: ഖന്നയാണ്. സ്വതന്ത്ര മായ ഒരു ജുഡീഷ്യറി, സ്വേഛാധിപത്യ പരമായ ഒരു ഗവർമ്മേണ്ടിന്നു മുന്നിൽ അടിയറവുപറയുന്നത് ജനാധിപത്യപര മായ ഒരു സമൂഹത്തിന്റെ വിനാശത്തി ലേക്കുള്ള അവസാനത്തെ പടിയാണ്. ഇന്ത്യൻ സുപ്രീം കോടതിയുടെ തീരു മാനമാകട്ടെ ആ അടിയറവു പറയുന്ന തിന്റെ വക്കുവരെ എത്തിയിരിക്കു ന്നു." (30.4.1976)

(ആദ്യത്തെ പതിനെട്ടുകൊല്ലക്കാലം എന്ന് ഈ മുഖ പ്രസംഗത്തിൽ പറഞ്ഞി രിക്കുന്നതിന്റെ അർത്ഥം ഇന്ദിരാഗാന്ധി അധികാരം പിടിച്ചെടുത്ത 1965 ൽ ഇന്ത്യൻ ജനാധിപത്യം അപകടത്തിലായി എന്നാണ്.)

1973 ൽ മൂന്നു ജഡ്ജിമാരുടെ തലക്കു മുകളിലൂടെ ചീഫ് ജസ്റ്റീസായി നിയമിക്ക പ്പെട്ട ജ: എ.എൻ. റായ് 1977 ആദ്യത്തിൽ റിട്ടയർ ചെയ്തപ്പോൾ പുതിയ ചീഫ് ജസ്റ്റീ സായി നിയമിക്കപ്പെട്ടത് ജ: ഖന്നയുടെ ജൂനിയറായ ജ: ബേഗ് ആണ്. ആ നിയ മനം പ്രഖ്യാപിച്ച ഉടൻ ജ: ഖന്ന രാജി സമർപ്പിക്കുകയും ചെയ്തു.

ജ: ഖന്ന അതു പ്രതീക്ഷിച്ചിരുന്നതാണ്. ഹേബിയസ് കോർപ്പസ് കേസിന്റെ വിധി എഴുതിക്കഴിഞ്ഞ അവസരത്തിൽ ജ: ഖന്ന സഹോദരിക്കെഴുതിയ ഒരു കത്തിൽ ഇക്കാര്യം പറഞ്ഞിരുന്നു. കേസിൽ താൻ വിധിയെഴുതിക്കഴിഞ്ഞുവെന്നും ഇതോടെ ചീഫ് ജസ്റ്റീസ് പദവി തനിക്ക് നഷ്ടപ്പെ ട്ടുവെന്നും അദ്ദേഹം ആ കത്തിൽ പറ ഞ്ഞിരുന്നു.

അതിൽ അത്ഭുതപ്പെടാനില്ല. മഹത്വ മേറിയ ഒരു പാരമ്പര്യത്തിന്നുടമയായ ഖന്ന യിൽ നിന്ന് മറ്റൊരു തരത്തിലുള്ള പെരു മാറ്റമുണ്ടായാലാണ് അത്ഭുതപ്പെടേണ്ടത്. ഇന്ത്യയുടെ സ്വാതന്ത്ര്യ സമരത്തിൽ പ്രധാ നപ്പെട്ടൊരു പങ്കു വഹിച്ച കുടുംബത്തിലെ അംഗമാണ് അദ്ദേഹം. 1919 ലെ ജാലി യൻ വാലാബാഗ് കൂട്ടക്കൊലയെക്കുറിച്ച ന്വേഷിക്കാൻ ഗവർമ്മേണ്ട് നിയോഗിച്ച ഹണ്ടർ കമ്മീഷൻ മുമ്പാകെ തെളിവു നൽകുന്നതിന്ന് ഗാന്ധിജിയെ സഹായിച്ചത് ഖന്നയുടെ അച്ഛനായിരുന്നു. മനോ വാചാ കർമ്മങ്ങളെ പൊരുത്തപ്പെടുത്തുന്നതാണ സത്യമെന്നും, താനിക്കാര്യം അച്ഛ നിൽനിന്ന് പഠിച്ചതാണെന്നും ഖന്ന പറ യാറുണ്ട്. അതാണ് പാരമ്പര്യത്തിന്റെ മഹ ത്വം.

ഹേബിയസ് കോർപ്പസ് ഹർജിയിൽ ഗവർമ്മേണ്ടിനെ പ്രീതിപ്പെടുത്തും വിധ ത്തിൽ വിധിയെഴുതിക്കൊടുത്തവരിൽ ജ: ചന്ദ്രചൂഡ് മാത്രമേ പിൽക്കാലത്ത് അതിൽ പശ്ചാത്താപം പ്രകടിപ്പിക്കുകയുണ്ടായിട്ടു ള്ളൂ. അഞ്ചുപേരടങ്ങിയ ആ ബഞ്ചിലെ ഖന്നയൊഴിച്ചുള്ളവരെല്ലാം ചീഫ് ജസ്റ്റീസു മാരായാണ് റിട്ടയർ ചെയ്തത്.

അടിയന്തരാവസ്ഥക്കുശേഷം അധികാ രത്തിൽ വന്ന മൊറാർജി ദേശായിയുടെ നേതൃത്വത്തിലുള്ള ജനതാ ഗവർമ്മേണ്ട് രണ്ടുകൊല്ലത്തിന്നകം തകർന്നു. തുടർന്ന് ചരൺസിങ്ങിന്റെ നേതൃത്വത്തിൽ ഒരു മന്ത്രിസഭ അധികാരമേറ്റു. അന്നു ആ ഗവർമ്മേണ്ടിൽ ഖന്ന നിയമകാര്യമന്ത്രിയാ ക്കപ്പെടുകയുണ്ടായി. ഈ ഗവർമ്മേണ്ട് നിലനിൽക്കുന്നത് ഇന്ദിരാഗാന്ധിയുടെ പിൻതുണയൊന്നുകൊണ്ടുമാത്രമാണെന്നു മനസ്സിലാക്കിയ ഖന്ന ഉടൻതന്നെ രാജിവ ച്ചു. അങ്ങനെ വെറും മൂന്നു ദിവസം മന്ത്രിപദത്തിലിരുന്ന ആൾ കൂടിയാണ് ഖന്ന.

മനുഷ്യാവകാശങ്ങൾക്കും പൗരസ്വാത ന്ത്ര്യങ്ങൾക്കും വേണ്ടി ധീരമായ നിലപാട് സ്വീകരിച്ച ആൾ എന്ന നിലക്കാണ് ഖന്ന ജനങ്ങൾക്കിടയിൽ വാഴ്ത്തപ്പെടുക. എന്നാൽ ഇന്ത്യയുടെ ജനാധിപത്യപരമായ ഭരണഘടനയെ അരക്കിട്ടുറപ്പിച്ച ജഡ്ജി എന്ന നിലക്കായിരിക്കും ഭരണഘടനാ വിദ ഗ്ദ്ധൻമാർ ഖന്നയെ ഓർക്കുന്നത്. ഇന്ത്യൻ ഭരണഘടന ജനാധിപത്യാധിഷ്ഠിതമായി നിലനിൽക്കുന്നിടത്തോളംകാലം ജ: ഖന്ന ഓർമ്മിക്കപ്പെടും. ന്യൂയോർക്ക് ടൈംസ് നിർദ്ദേശിച്ച ആ സ്മാരകമുണ്ടല്ലോ – അത് ഇന്ത്യൻ ഭരണഘടനതന്നെയാണ്. ❑

# ജനാധിപത്യത്തിന്റെ തണലിൽ ഭീകര ഭരണം

- മുകുൾ ശർമ്മ -

വർധിച്ചുവരുന്ന ഭീകര പ്രവർത്തനങ്ങളുടേയും അക്രമങ്ങളുടേയും അരക്ഷിതത്വത്തിന്റേയും പേരിൽ കേന്ദ്ര സംസ്ഥാന ഗവർമ്മേണ്ടുകൾ ജനങ്ങൾക്കെതിരെ ഒരു മറപോലുമില്ലാതെ മൂന്നാം മുറ പ്രയോഗിച്ചു വരികയാണ്. എതിരഭിപ്രായം വച്ചു പുലർത്തുന്നവരെ പിടികൂടി ക്രൂരമായ, മനുഷ്യത്വ രഹിതമായ രീതിയിൽ പീഡിപ്പിക്കുന്നു; വ്യാജ ഏറ്റുമുട്ടലുകളിലൂടെ കൊന്നുകളയുന്നു; അതുമല്ലെങ്കിൽ മനുഷ്യരെ കാണാതാകുന്നു. ഛത്തീസ് ഗഡിൽ പോലീസും, സർക്കാർ സംഘടിപ്പിച്ചിരിക്കുന്ന സാൽവ ജൂഡും എന്ന സ്വകാര്യ സേനയും വൻതോതിൽ അക്രമങ്ങൾ നടത്തുന്നതിന്റെയും അറും കൊലകൾ നടത്തുന്നതിന്റേയും തെളിവുകൾ സുലഭമാണ്. മനുഷ്യാവകാശ പ്രവർത്തകരെ അവിടെ കണ്ടമാനം അറസ്റ്റ് ചെയ്ത് തടങ്ങലിലിടുന്നു. ബീഹാറിലും ഝാർഖണ്ഡിലും ക്രൂരവും മൃഗീയവുമായ പീഡനങ്ങൾ സർവ്വ സാധാരണയായാണെന്നു മാത്രമല്ല ജനങ്ങൾ അവയെ പ്രോൽസാഹിപ്പിക്കുക കൂടി ചെയ്യുന്നു. മറ്റു സംസ്ഥാനങ്ങളിലും ഓരോരോ ഭീകര നിയമങ്ങൾ നടപ്പാക്കി വരുന്നുണ്ട്.

ഛത്തീസ്ഗഡ്, മഹാരാഷ്ട്രം, മധ്യപ്രദേശം എന്നീ സംസ്ഥാനങ്ങളുടെ ചുവടു പിടിച്ച് ഉത്തര പ്രദേശിലും ഒരു ഭീകരനിയമത്തിനിപ്പോൾ രൂപം നൽകിയിട്ടുണ്ട്. സംഘടിതമായി പ്രവർത്തിച്ചുവരുന്ന ക്രിമിനലുകളുടേയും മാഫിയയുടേയും പിടിയിൽനിന്ന് സാധാരണക്കാരെ രക്ഷിക്കാനെന്നു പറഞ്ഞാണ് ഈ ബിൽ നിയമസഭയിൽ അവതരിപ്പിച്ചത്.

1999 ൽ മഹാരാഷ്ട്രത്തിലും 2001 ൽ മധ്യപ്രദേശിലും 2006 ൽ ഛത്തീസ്ഗഡിലും പാസാക്കിയ ഭീകരവിരുദ്ധ നിയമങ്ങളുടെ അതേ മാതൃകയിലുള്ളതാണ് യു.പി. യിലെ ബില്ലും. എതിരാളികളെ പിടിച്ച് ജയിലിലിടാനും പലവിധ ദണ്ഡന മുറകൾക്ക് ഇരയാക്കാനും, കേസ് വിചാരണ ഒരു പ്രഹസനമാക്കാനും രാഷ്ട്രീയമായ എതിർപ്പിനെ അടിച്ചമർത്താനുമുള്ള ഒന്നാന്തരം കരുവാണ് ഈ നിയമം. മിണ്ടിയാൽ പിടിച്ച് ജയിലിലിടുമെന്ന ഭീതികൊണ്ട് സർക്കാരിന്നെതിരായ എതിർപ്പുകൾ ചീറ്റിപ്പോകുമെന്നതാണ് ഇതുകൊണ്ടുള്ള ഗുണം.

ഇന്ത്യയിൽ മുമ്പ് നടപ്പാക്കിയിരുന്ന (Tada) എന്ന ഭീകര നിയമം വ്യാപകമായ ജനകീയ പ്രക്ഷോഭണങ്ങളെത്തുടർന്ന് 1995 ൽ ഉപേക്ഷിക്കുകയുണ്ടായി. ഈ ടാഡയുടെ മറ്റൊരു പതിപ്പാണ് 1999 ലെ മഹാരാഷ്ട്ര നിയമം; ഈ നിയമത്തിന്റെ ചുവടുപിടിച്ചുള്ളതാണ് ഇപ്പോൾ യു.പി. യിൽ കൊണ്ടു വന്നിരിക്കുന്ന ബിൽ. മഹാരാഷ്ട്ര നിയമസഭ ഭീകര നിയമം പാസാക്കിയപ്പോൾ, അതുപോലെയൊരു നിയമം പാസാക്കാൻ തമിഴ്നാട്, ആന്ധ്ര, കാശ്മീർ എന്നീ സംസ്ഥാനങ്ങളും കേന്ദ്ര ഗവർമ്മേണ്ട് തന്നേയും മുതിർന്നതായിരുന്നു. ജനങ്ങളുടെ ശക്തിയായ ചെറുത്തു നിൽപുമൂലം അന്ന് ആ ഉദ്യമത്തിൽനിന്ന് പിന്മാറുകയാണ് ചെയ്തിരുന്നത്.

മഹാരാഷ്ട്രത്തിലെ ഭീകര നിയമപ്രകാരം ഡോക്ടർമാർ, സിനിമക്കാർ പത്രപ്രവർത്തകർ, തൊഴിലാളികൾ എന്നല്ല

ഒരു ജഡ്ജിപോലും അറസ്റ്റ് ചെയ്യപ്പെടുകയുണ്ടായി. ഇതുകൊണ്ട് ക്രിമിനൽ കുറ്റങ്ങൾ കുറഞ്ഞുവോ? ഇല്ല. അതൊക്കെ മുമ്പുണ്ടായിരുന്നതുപോലെ ഇപ്പോഴും തുടരുന്നു. എന്നാൽ സാമ്പത്തികവും സാമൂഹ്യവുമായ നീതിക്കുവേണ്ടി പൊരുതുന്നവരെ പേടിപ്പിച്ച് ഒതുക്കി നിർത്താൻ ഈ നിയമം സഹായിക്കുന്നുണ്ട്.

കുറ്റകൃത്യങ്ങൾ തടയുന്നതിന്ന് ഇപ്പോൾതന്നെ ഒട്ടേറെനിയമങ്ങൾ നിലവിലുണ്ട്. ഇന്ത്യൻ പീനൽകോഡിന്നു പുറമെ ദേശീയ സുരക്ഷിതത്വ നിയമം, മയക്കുമരുന്നു നിയമം, ഗുണ്ടാനിയമം തുടങ്ങിയ നിയമങ്ങൾ സംസ്ഥാന ഗവർമ്മേണ്ടുകൾ ഇടം വലം നോക്കാതെ എടുത്തുപയോഗിക്കുന്നുണ്ട്. ഉത്തരപ്രദേശിൽതന്നെ 1970 ൽ പാസാക്കിയ ഒരു ഉഗ്രൻ ഗുണ്ടാനിയമം നിലവിലുണ്ട്.

യു.പി. യിൽ 2005 ൽ ഇന്ത്യൻ പീനൽ കോഡ് പ്രകാരം 1,17,748 കേസുകൾ രജിസ്റ്റർ ചെയ്ത സ്ഥാനത്ത് 2006ൽ 1,18,195 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിന്നു പുറമെ ദേശീയ സുരക്ഷിതത്വ നിയമപ്രകാം 411 കേസും ഗുണ്ടാ നിയമപ്രകാരം 13933 കേസും ആയുധനിയമപ്രകാരം 39,184 കേസും രജിസ്റ്റർ ചെയ്യപ്പെട്ടു. ഇത്രയൊക്കെ നിയമങ്ങളും ഇത്രയൊക്കെ കേസും ഉണ്ടായിട്ടും നമുക്ക് സുരക്ഷിതത്വമില്ല; സുരക്ഷിതത്വമുണ്ടാക്കാൻ പുതിയൊരു മാരണ നിയമം വേണമെന്നാണ് സർക്കാർ പറയുന്നത്.

ചുരുക്കി പറഞ്ഞാൽ അറസ്റ്റ് ചെയ്യപ്പെടുന്നവർക്ക് ജാമ്യം ലഭിക്കരുത്. അവരെ കസ്റ്റഡിയിൽവച്ച് മൂന്നാം മുറകൾ പ്രയോഗിച്ച് കുറ്റസമ്മതം എഴുതിവാങ്ങാൻ സൗകര്യമുണ്ടാകണം എന്നതാണ് എല്ലാ ഭരണാധികാരികളുടേയും ആഗ്രഹം.

നമ്മുടെ ഭരണഘടന പ്രകാരമുള്ള ഭരണ സംവിധാനത്തിൽ ജനങ്ങളുടെ അവകാശ സംരക്ഷണത്തിന്നാധാരം നിയമ വാഴ്ചയാണ്. എന്നാൽ കേന്ദ്രത്തിലും സംസ്ഥാനങ്ങളിലുമുള്ള അധികാരികൾ നിയമ വാഴ്ചയെ ധ്വംസിക്കുന്നു. നമ്മുടെ രാജ്യത്ത് സാമൂഹ്യ മേഖലക്ക് ഇപ്പോൾ പ്രാധാന്യം കല്പിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ നീതിന്യായ സംവിധാനം പരിഷ്ക്കരിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യാൻ ശ്രമമൊന്നുമില്ല. നീതിയും ജനാധിപത്യവും സാക്ഷാൽക്കരിക്കുന്നതിന്ന് തടസ്സമായി നിൽക്കുന്ന നിയമ നിർമ്മാണങ്ങളും നടപടിക്രമങ്ങളും മാറ്റണം; നിഷ്പക്ഷമായ നീതിന്യായ സ്ഥാപനങ്ങൾ ഉണ്ടാകണം; അവ ജനങ്ങളോട് ഉത്തരവാദപ്പെട്ടിരിക്കണം.

കേന്ദ്രത്തിൽ ഐക്യ പുരോഗമന സഖ്യം അധികാരമേൽക്കുകയും ഒരു മിനിമം പരിപാടി അംഗീകരിക്കുകയും ചെയ്തപ്പോൾ പുതിയൊരവസരം കൈവന്നതായിരുന്നു. പോട്ട എന്ന നിയമ മാരണം റദ്ദാക്കി; പോലീസിനെ പരിഷ്ക്കരിക്കാൻ ചില നടപടികളാരംഭിച്ചു; നീതിന്യായ സംവിധാനത്തിന്റെ ന്യൂനതകൾ തീർക്കാൻ ശ്രമം നടന്നു. പക്ഷെ ഇതൊന്നും എങ്ങും എത്തിയില്ല.

മനുഷ്യാവകാശങ്ങൾ മാനിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താനായി ഒരു മനുഷ്യാവകാശ നിയമം പാസാക്കിയിട്ടുണ്ട്. പക്ഷെ വളരെ വൈകിവന്ന അല്പമാത്രമായ നടപടിയാണത്. നീതിന്യായ സംവിധാനം പരിഷ്കരിക്കുകയും മനുഷ്യാവകാശ ധ്വംസനങ്ങൾ നിരീക്ഷിക്കാൻ ഒരു സംവിധാനമുണ്ടാക്കുകയും ചെയ്താലേ ക്രിമിനലുകൾക്കും ഭീകരർക്കുമെതിരായ വേട്ട പാളിപ്പോകാതിരിക്കൂ. അല്ലാത്തപക്ഷം ഏറ്റുമുട്ടൽ മരണങ്ങളെ നമുക്ക് നിർലജ്ജം ന്യായീകരിക്കേണ്ടിവരും. ❑

# തൊഴിലുറപ്പു പദ്ധതിയും ദുഷ്പ്രചരണങ്ങളും

**- ജീൻഡ്രീസ് -**

**2**005ൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പു പരിപാടി ആരംഭിച്ചതുമുതൽ മുതലാളിമാരുടെ നിയന്ത്രണത്തിലുള്ള മാധ്യമങ്ങൾ അതിന്നെതിരെ ദുഷ്പ്രചരണങ്ങൾ ആരംഭിച്ചതാണ്. ഈ പരിപാടിയെ മുതലാളിമാർ ഭയപ്പെടുന്നു എന്നാണിതിന്നർത്ഥം. സർക്കാരിന്റെ ഇന്നത്തെ സാമ്പ ത്തിക നയത്തിന്റെ ഒഴുക്കിന്നെതിരായ ഒരു നിയമമാണിതെന്നത് ശരിയാണ്. മുതലാളിമാരുടെ താല്പര്യങ്ങൾ സംരക്ഷിക്കാൻ മാത്രം സർക്കാർ ഇടപെടുക എന്നതാണ് ഇന്നത്തെ നയം. കമ്പോളോന്മുഖ പരിഷ്ക്കാരങ്ങൾ എന്ന പേരിലാണിത റിയപ്പെടുന്നത്.

കമ്പോള വ്യവസ്ഥയിൽ അനാവശ്യമായി തലയിടുന്നതിന്റെ പ്രധാനപ്പെട്ടൊരു ഉദാഹരണം എന്നാണ് ഒരു പത്രമുതലാളി ഈയിടെ തൊഴിലുറപ്പു പദ്ധതിയെപ്പറ്റി പറഞ്ഞത്. ബിസിനസ്സുകാരുടെ താല്പര്യങ്ങൾക്കുവേണ്ടി കമ്പോള വ്യവസ്ഥയിൽ സർക്കാർ സുലഭമായി ഇടപെട്ടുവരുന്നുണ്ടെന്നത് മറ്റൊരു കാര്യം. ഉദാഹരണത്തിന്ന് ബിസിനസ്സുകാർക്കു വേണ്ടി നിർബ്ബന്ധപൂർവ്വം ഭൂമി അക്വയർ ചെയ്യുന്നു; അല്ലെങ്കിൽ പ്രത്യേക സ്വത്തവകാശത്തെ ന്യായീകരിക്കുന്നു. അപ്പോൾ സർക്കാരിന്റെ ഇടപെടലിലല്ല അപകടം; തൊഴിലാളി വർഗ്ഗത്തിന്നുവേണ്ടി ഇടപെടുന്നതാണ് അപകടം.

തൊഴിലുറപ്പു പദ്ധതിക്ക് പല ന്യൂനതകളുമുണ്ടെന്നതിൽ സംശയമില്ല. നിലവിലുള്ള നിയമത്തിൽ പല വീഴ്ചകളുമുണ്ട്. പദ്ധതിയുടെ നടത്തിപ്പിനെ സംബന്ധിച്ചിടത്തോളം പോരായ്മകൾ ഏറെയാണ്. പക്ഷെ യുക്തിയുക്തമായ, ന്യായപൂർവ്വമായ വിമർശനങ്ങൾ ദുർലഭമായേ കാണുന്നുള്ളൂ.

ഒരു ഉദാഹരണം പറയാം; തൊഴിലുറപ്പുപദ്ധതിയെപ്പറ്റി ഇന്ത്യാ ഡവലപ്മെന്റ് ഫൗണ്ടേഷൻ ഒരു പഠനം നടത്തിയെന്നും, ഈ പദ്ധതി നാണ്യപ്പെരുപ്പത്തിന്നിടയാക്കിയതായി കണ്ടുവെന്നും ചില പ്രമുഖ പത്രങ്ങൾ ഈയിടെ റിപ്പോർട്ടു ചെയ്തിരുന്നു. തൊഴിലുറപ്പു പദ്ധതിക്കു നീക്കി വച്ചതിന്റെ പത്തിരട്ടി വരുന്ന ഒരു സംഖ്യ ദേശ രക്ഷക്ക് നീക്കി വച്ചിട്ടുണ്ട്. അത് നാണ്യപ്പെരുപ്പമുണ്ടാക്കുന്നതായി ആരും പറയുന്നില്ല. എന്നാൽ തൊഴിലുറപ്പു പദ്ധതിക്കുള്ള ഈ ചെറിയതുക നാണ്യപ്പെരുപ്പമുണ്ടാക്കിയതായി പരിതപിക്കുന്നു. അതിന്റെ കാരണം ഊഹിക്കാവുന്നതേയുള്ളൂ.

അതുപോകട്ടെ, ഈ പഠന ത്തെപ്പറ്റി അന്വേഷിച്ചു ചെന്നപ്പോഴാണ് ഇങ്ങനെയൊരു പഠനം തന്നെ നടന്നിട്ടില്ലെന്ന് അറിവായത്. മേൽപറഞ്ഞ ഫൗണ്ടേഷനിലെ ഒരംഗം ഒരു സെമിനാറിൽ പ്രകടിപ്പിച്ച ശങ്കയാണ് പത്രങ്ങൾ ഫൗണ്ടേഷന്റെ പഠനഫലമായി അവതരിപ്പിച്ചത്.

വാസ്തവം പറയണമല്ലോ. നേരെ മറിച്ചുള്ള പ്രചരണവും നടക്കുന്നുണ്ട് കഴിഞ്ഞ ഡിസംബർ 28ന്ന് സർക്കാരിന്റെ പ്രസ്സ് ഇൻഫർമേഷൻ ബ്യൂറോ പുറത്തിറക്കിയ ഒരു കുറിപ്പിൽ തൊഴിലുറപ്പു പദ്ധതി ഒരു ഗംഭീര വിജയമായി ചിത്രീകരിച്ചിട്ടുണ്ട്. പക്ഷെ അതിനെ സാധൂകരിക്കുന്നയാതൊരു തെളിവും അതിൽ കാണിച്ചിട്ടില്ല. എന്തായാലും സർക്കാർ പ്രചരണ

Reg. No.3551/93/L Dis Registered: KL/CR/TCR/347/2006-08
Licensed to post without prepayment: KL/TCR/WPP-06/2006-08
Posted at R.M.S., Thrissur-21. Date of posting: 28-3-2008

ങ്ങളെ ആരും മുഖവിലക്കെടുക്കാറില്ലെന്നതിനാൽ അത് താരതമ്യേന നിരുപദ്രവമാണ്.

പത്രങ്ങളിൽ അടുത്ത കാലത്തു വന്ന ഒരു ദുഷ്പ്രചരണം കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ ഒരു കരടു റിപ്പോർട്ട് സംബന്ധിച്ചതാണ്. തൊഴിലുറപ്പു പദ്ധതി പ്രകാരമുള്ള പണം പാവങ്ങൾക്ക് കിട്ടുന്നില്ലെന്ന് കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ കണ്ടെത്തി എന്നാണ് ഒരു പ്രമുഖ പത്രം ഒന്നാം പേജിൽ തന്നെ റിപ്പോർട്ട് ചെയ്തിരിക്കുന്നത്. തൊഴിലുറപ്പു പദ്ധതി പ്രകാരമുള്ള പണം ചോർന്നുപോയതായി കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ടിൽ പറയുന്നില്ല. അവരുടെ അന്വേഷണ ലക്ഷ്യവും അതല്ല. തൊഴിലുറപ്പു നിയമത്തിലെ വ്യവസ്ഥകളനുസരിച്ചും നിയമം നടപ്പാക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ചുമാണോ കാര്യം നടക്കുന്നത് എന്നാണവർ അന്വേഷിച്ചത്. ഈ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നില്ലെന്നും അതുകൊണ്ട് ചോർച്ചക്ക് സാധ്യതയുണ്ടെന്നും താക്കീത് നൽകുകയാണവർ ചെയ്തിട്ടുള്ളത്.

കംപ്ട്രാളർ ആൻഡ് ഓഡിറ്റർ ജനറൽ പറയുന്നതിൽ വലിയ കാര്യമുണ്ടെന്നതിൽ സംശയമില്ല. പക്ഷെ പണം പാവങ്ങളുടെ കയ്യിലെത്തുന്നില്ല എന്നതിൽ പറയുന്നില്ല. അനുവദിച്ച പണത്തിന്റെ വലിയൊരു ഭാഗം പാവങ്ങളുടെ കൈകളിലെത്തിയിട്ടുണ്ട്. ദരിദ്രരായ ഗ്രാമീണരുടെ ജീവിതത്തിൽ അതു വലിയ മാറ്റമുണ്ടാക്കിയിട്ടുമുണ്ട്. പണമിടപാടുകൾ സുതാര്യമാക്കുക സാധ്യമാണെന്ന് ഈയിടെ നടത്തിയ ഒരു പഠനം വ്യക്തമാക്കുകയുണ്ടായി.

കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ കരടു റിപ്പോർട്ടിന്റെ മർമ്മം ന്യൂനതകൾ പരിഹരിക്കണമെന്നതാണ്. അവർ അവസാന ഖണ്ഡികയിൽ പറയുന്നത് ഇതാണ്; ഇത്തരം ന്യൂനതകൾ പരിഹരിക്കാനും പദ്ധതിയുടെ ഭരണപരവും സാങ്കേതികവുമായ ആധാരം മെച്ചപ്പെടുത്താനും സംസ്ഥാന ഗവർമ്മേണ്ടുകൾ സത്വര നടപടിയെടുക്കുന്നുണ്ടെന്ന് ഗ്രാമീണ വികസനമന്ത്രാലയം ശ്രദ്ധിക്കണം. തൊഴിലുറപ്പു പദ്ധതി അടുത്ത കൊല്ലം ഇന്ത്യയിലെ എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുമ്പോൾ അത് വിജയകരമായി നടപ്പാക്കുമെന്നുറപ്പുവരുത്താൻ ഇതാവശ്യമാണ്.

കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ രചനാത്മകമായ ഈ നിർദ്ദേശം കേന്ദ്ര ഗവർമ്മേണ്ട് കാര്യമായെടുക്കേണ്ടതാണ്. ഈ ഏപ്രിലിൽ തൊഴിലുറപ്പു പദ്ധതി ഇന്ത്യയിലാകെ നടപ്പാക്കാൻ പോകുന്നു. ഏതു ഗവർമ്മേണ്ടിനും അത് വല്ലാത്തൊരു വെല്ലുവിളിയായി അനുഭവപ്പെടും. ഗ്രാമീണ മേഖലയിൽ സാമൂഹ്യ സുരക്ഷിതത്വത്തിന്നൊരാധാരം പടുത്തുയർത്താൻ ലഭിക്കുന്ന ഒരു അസുലഭാവസരം കൂടിയാണിത്. നീതി കൈവരുത്താനും ഗ്രാമങ്ങളിലെ തൊഴിലാളികളെ ശക്തിപ്പെടുത്താനും ഇത് ഉപകരിക്കും. ഇതൊരു വിജയമാക്കണമെങ്കിൽ വമ്പിച്ച ഒരുക്കം കൂട്ടൽ ആവശ്യമാണ്. പക്ഷെ അതൊന്നും ഒരിടത്തും കാണുന്നില്ല. ആ നിലക്ക് കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ട് ഒരു മുന്നറിയിപ്പാണ്. ❑

Printed and published by : **Adv. Seby J. Pullely for Niyama Samskara Kendram, Jananeethi**, P.B. No. 8, Thottappady, Mannuthy P.O., Thrissur - 680651. Tel: 487-2373479, Fax: 487-2373281, E-mail: gpneethi@sancharnet.in / gepuli@rediffmail.com www.jananeethi.org **Printing : St.Mary's Orphanage Offset Press, Thrissur. Ph : 2425062, 2446709**

**വരിസംഖ്യ**: വാർഷികം – 50 ക., ആയുഷ്കാലം – 1000 ക.